
Registered No. M-4485 Madras War Review, Malayalam—12-1-1945

# യുദ്ധസഞ്ചിക

വോള്യം IV] മദിരാശി: 1945 ജനുവരി 12-ാംനു, വെള്ളിയാഴ്ച [ലക്കം 18



## ഞങ്ങൾ ഒന്നിച്ചു നിൽക്കുന്നു

നാസികളും ഫാസിസ്ററുകളും യൂറോപ്പിൽ നടത്തിവരുന്ന ഭീകരഭരണത്തിന്റെ അവസാനം ഈ നവവർഷത്തിൽ ദൃശ്യമാവുന്നതാണ്. അതേപോലെ സാമ്രാജ്യവാദിയായ ജാപ്പുശക്തിയുടെ ചുററിലും പ്രതികാരോന്മാത്തരായ ശക്തികൾ അടുത്തടുത്തുവരുന്നുണ്ട്.

വിദേശനയത്തെ സംബന്ധിച്ചാണെങ്കിൽ, യുദ്ധത്തിൽമാത്രമല്ല, ഏതിന്നായി യുദ്ധം ചെയ്തുവരുന്നുവോ, ആ വിജയത്തിന്നുവേണ്ടിയും, ഞങ്ങൾ ഐക്യരാഷ്ട്രങ്ങളോടൊന്നിച്ചു നില്ക്കണമെന്നു് ഉദ്ദേശിക്കുന്നു.

അന്ത്യവിജയത്തെപ്പററി ലേശവും സംശയമില്ല. ചെലവിനെപ്പററിയും അങ്ങിനെ തന്നെ—നമ്മുടെ നഷ്ടങ്ങൾ വമ്പിച്ചതായിരിക്കും. ഞങ്ങളും, ഞങ്ങളുടെ സഖ്യശക്തികളും അവസാനത്തേതും സമഗ്രവുമായ വിജയം നേടുന്നതിന്നുവേണ്ടി ഒന്നിച്ചു നിന്നുകൊണ്ടു തന്നെ പൊരുതും.

---1945 ജനുവരി 6-ാംനു പ്രസിഡെണ്ട് റൂസ്‌വെൽട്ട് കോൺഗ്രസ്സിന്നയച്ച
ഒരു സന്ദേശത്തിൽ

# 1945ൽ ജർമ്മനിയും ജാപ്പാൻെറയും വിഷാദഭാവം

## നാസികളുടെ പരാജയം ആസന്നമായിരിക്കുന്നു

"ഈ നവവർഷാരംഭത്തിൽ, യുദ്ധത്തിൻെറ അവസാനം അടുത്തുവെന്നു നിങ്ങൾക്കു വാഗ്ദാനം ചെയ്യുന്നതിന്നു എനിക്കു സാദ്ധ്യമല്ല. എന്നാൽ, നാസിമൃഗത്തെ ഒററപ്പെടുത്തി എന്നും അതിൻെറ വിനാശം അപരിത്യാജ്യമാണെന്നും എനിക്കു പറവാൻ സാധിക്കും".

മി. വിൻസ്റ്റൺ ചർച്ചിൽ, 1944 ഡിസെമ്പർ 31-ാംനു ചെയ്ത ഒരു പ്രക്ഷേപണി പ്രസംഗത്തിൽ.

## നാസിമേധാവിത്വം തകൎന്നുവീഴുന്നുവെന്നു ഹിററ്ലർ സമ്മതിക്കുന്നു

"എൻെറ രാജ്യക്കാരെ, ഈ യുദ്ധം നിങ്ങളിൽനിന്നു് എന്താണു് ആവശ്യപ്പെടുന്നതു് എന്നു എനിക്കറിയാം. ഇന്നു നശിച്ചു തകരുന്ന എല്ലാററിനേയും, കുറച്ചു വർഷങ്ങൾക്കുള്ളിൽ പുനഃനിർമ്മിക്കുന്നതിന്നായി നാസി ഭരണകൂടം, സർവ്വപ്രകാരേണയും പരിശ്രമിക്കും."

ഹിററ്ലർ, 1945 ജനുവരി 1-ാംനു ചെയ്ത പ്രക്ഷേപിണി പ്രസംഗത്തിൽ.

## നിപ്പൺ നിരാശതയിൽ

"ജപ്പാൻകാൎക്കു 1945 വളരെ അസുഖകരമായിരിക്കുമെന്നു എനിക്കു മുൻകൂട്ടിപ്പറയാൻ കഴിയും. ജപ്പാനീസ് ഹൈക്കമാൻറിൻെറ വീക്ഷണത്തിലൂടെ നോക്കിയാലും ശുഭാപ്തി വിശ്വാസത്തിന്നു കാരണമില്ല.

ജപ്പാൻകാർ കിണഞ്ഞു പൊരുതും. യുദ്ധം സ്വരാജ്യത്തു എത്തുമ്പോൾ, ജപ്പാനിലെ പ്രത്യാഘാതങ്ങളെങ്ങിനെയിരിക്കുമെന്നു എനിക്കു് അറിഞ്ഞുകൂടാ. ക്രമേണ നമുക്കു് ആക്രമിക്കേണ്ടിവരുമെന്നു കരുതുകമാത്രമാണു് ഒരു സുരക്ഷിതമായ പദ്ധതി."

—അഡ്മിറൽ നിമിട്സ്, പസിഫിക്കിലെ സൈന്യാധിപൻ, 1945 ജനുവരി 2-ാംനു ഒരു പത്രസമ്മേളനത്തിൽ.

## ജപ്പാൻെറ ഭാവി ഇരുണ്ടതാണു്

1944 ൻെറ ആരംഭത്തോടുകൂടി പൌരസ്ത്യേഷ്യയിൽ ആംഗ്ലോ-അമേരിക്കൻ പ്രത്യാക്രമണങ്ങൾ കൂടുതൽ ഭയങ്കരമായിത്തീൎന്നു. ഒക്ടോബറിൽ ഫിലിപ്പൈൻ യുദ്ധം ആരംഭിച്ചപ്പോൾ അതു മൂർദ്ധന്യദശയിൽ പ്രവേശിച്ചു. ഈ പരിതസ്ഥിതിയിൽ, വരാൻപോവുന്ന വർഷം വളരെ വിഷമതരമായിരിക്കും."

—അഡ്മിറൽ മൊബുടേക് കോണ്ഡോ, ചൈനക്കടലിലുള്ള ജാപ്പുകടൽ സേനയുടെ നായകൻ, ഷാങ്ങ്ഹായിൽവെച്ചു ഈയിടെ ചെയ്ത പ്രസംഗത്തിൽ

## ജാപ്പു ഫ്യൂറർ സന്ധിമനോഭാവക്കാരെ പഴിക്കുന്നു

പൌരസ്ത്യേഷ്യയിലെ നമ്മുടെ ഈ യുദ്ധം സാമ്രാജ്യത്തെ സംബന്ധിച്ച ഒരു ജീവന്മരണ സമരമാണു്. ഈ യുദ്ധത്തിൽ തോല്ക്കുന്നപക്ഷം, ഭാവിയിൽ സാമ്രാജ്യവ്യവസ്ഥ നഷ്ടപ്പെടുന്നതാണു്. അപ്പോൾ ജപ്പാനീസ് ദേശം നശിച്ചുപോവും. ലഹളയുണ്ടാക്കി സമാധാനത്തിന്നു ശ്രമിക്കുന്നതു, ഒരു ഭ്രാന്തൻെറ സ്വപ്നം മാത്രമാണു്.

—പ്രധാന മന്ത്രി, കൊയിസോ, വ്യവസായി പ്രധാനികളുടെ യോഗത്തിൽവെച്ചു ചെയ്ത ഒരു പ്രസംഗത്തിൽ.

## ജപ്പാനിൽ ഛിദ്രവും, വിഷാദവും

ഈ യുദ്ധത്തിൽ ഏററവും ആക്ഷേപാർഹമായ ഒരു സംഗതി ശത്രുവിന്നെതിരായി നമ്മുടെ ഇടയിൽ വേണ്ടത്ര അവജ്ഞതയില്ലെന്നുള്ളതാണു്. ഇപ്പോഴത്തെ വർത്തമാനപത്രങ്ങൾ ഒരു മനം മടുപ്പിക്കുന്ന മട്ടുള്ളവയാണു്. അവ ഗവർമ്മേണ്ടു് റിപ്പോർട്ടുകളെപ്പോലെയാണെന്നു ജനങ്ങൾ ആവലാതിപ്പെടുന്നു്. തുറന്നുപറഞ്ഞാൽ, അവ മന്ത്രിസഭയുടെ സാമ്പത്തിക സഹായത്തിൻെറ വരുതിയിലാണു്; അവയ്ക്കു് സ്വതന്ത്രമായ സ്വരമില്ല. "ഗവർമ്മേണ്ടും ജനങ്ങളും തമ്മിൽ ഐക്യമില്ലായ്മയുണ്ടു്."

—ജാപ്പു് സൈനിക മാസിക "കോറോൺ".

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മദിരാശി: 1945 ജനുവരി 12-ാംനു, വെള്ളിയാഴ്ച


## നിഷ്പ്രയോജനമായി

പരാജയത്തെ അഭിമുഖീകരിച്ചു പരിഭ്രാന്തരായിത്തീൎന്ന നാസികൾ പല അടവുകളും എടുത്തു പ്രയോഗിച്ചുനോക്കുന്നുണ്ടു്. സഖ്യശക്തികളുടെ കൃത്യങ്ങൾ വിഷമകരങ്ങളാക്കിത്തീൎക്കയും അങ്ങിനെ യുദ്ധത്തെ നീട്ടിക്കൊണ്ടുപോവുകയും ചെയ്യണമെന്നു് അവരാശിക്കുന്നു. അതിന്റെ ആവശ്യം, ഒരു സമാധാനത്തിന്നു ശ്രമിക്കുകയാണു്. എന്നാൽ അവരെ അല്പം ദയാദാക്ഷിണ്യത്തോടുകൂടി ഗണിക്കുമല്ലോ.

ഈ ലക്ഷ്യം ഉള്ളിൽവെച്ചു് ജൎമ്മനിയിലെ യജമാനന്മാർ പല ഭീഷണികളും പണ്ടും ഉപയോഗിക്കുകയുണ്ടായി അവയൊക്കെ നിഷ്ഫലങ്ങളായി. പിന്നീടാണു് ബ്രിട്ടീഷു് ജനങ്ങളുടെ മനക്കരുത്തിനെ ഇളക്കിത്തീൎക്കുന്നതിന്നായി പല ക്രൂരായുധങ്ങളും ഉപയോഗിക്കാൻ ആരംഭിച്ചതു്. ഇവയൊന്നും അവരുടെ ഉദ്ദേശസിദ്ധിക്കു് അണുപോലും ഉപകരിച്ചില്ല. ഇപ്പോൾ അവർ യുദ്ധം ചെയ്യാൻ തീൎച്ചയാക്കിയിരിക്കുന്നു. ഉള്ളതൊക്കെ പോൎക്കളത്തിലേക്കു വലിച്ചെറിയുക, ആണുങ്ങളെയും, പെണ്ണുങ്ങളേയും, കുട്ടികളേയും വൃദ്ധന്മരേയും. റണ്ടു് സ്റ്റഡ്റ്റിന്റെ ആക്രമണം ഇതാണു് സൂചിപ്പിക്കുന്നതു്. കരവഴിക്കുള്ള ഈ ആക്രമണത്തോടൊപ്പം, ഉള്ളത്ര വിമാനശക്തിയും എടുത്തുകൊണ്ടു ജൎമ്മൻ പ്രചാരണയന്ത്രം സഖ്യഭടന്മാരുടെ തന്റേടത്തിന്നു കോട്ടം വരുത്താൻ ശ്രമിച്ചുനോക്കി. പഴയ പാട്ടുതന്നെയാണു് ഇപ്പോഴും പാടിയതു്; സഖ്യപാളയത്തിൽ ഛിദ്രമുണ്ടാക്കുവാനുള്ള കുതന്ത്രങ്ങൾ. ബ്രിട്ടനേയും അമേരിക്കയേയും—അവരുടെ ഏററവും വലിയ ശത്രുക്കളെയാണു് അവർ വിടികൂടിയതു്.

### റണ്ടു് സ്റ്റഡ്റ്റിനെ സഹായിക്കാൻ

ഇതു വളരെയധികം സാമൎത്ഥ്യത്തോടുകൂടിയ ഒരു സംരംഭമായിരുന്നു. അതു വിജയിക്കുന്നപക്ഷം ഭിന്നിപ്പുണ്ടാവുമായിരുന്നു. എവിടെയാണോ ഭിന്നിപ്പു ജൎമ്മൻകാൎക്കു് ആവശ്യമായിരുന്നതു്, അവിടെ ജൎമ്മനിയുടെ അതൃത്തികളിൽ, ബെൽജിയത്തിലാണു് അമേരിക്കൻ സേനകളും ബ്രി. സേനകളും ജൎമ്മൻകാരെ പിടിച്ചു പിന്നോക്കം തള്ളിക്കൊണ്ടിരിക്കുന്നതു്. ജൎമ്മൻ ഏജന്റുമാർ ഗ്രീസിലെ സ്ഥിതിയെ വളരെ ഉപയോഗിച്ചു. പോളണ്ടിലേയും, സ്വതന്ത്രമാക്കപ്പെട്ട യൂറോപ്യൻ രാഷ്ട്രങ്ങളിലേയും, രാഷ്ട്രീയ കാൎയ്യങ്ങളേയും അവർ ആവശ്യത്തിന്നു വിനിയോഗിക്കാൻ നോക്കി. ഏതുവിധേനയെങ്കിലും, ബ്രിട്ടീഷു സേനകളും അമേരിക്കൻ സേനകളും തമ്മിൽ ഒരു പിളൎപ്പു് കിട്ടണമെന്നായിരുന്നു അവരുടെ ലക്ഷ്യം.

പ്രസിഡണ്ടു് റൂസ്‌വെൽട്ടിന്റേയും മി. ചൎച്ചിലിന്റെയും ദീൎഘദൃഷ്ടിമൂലം അവൎക്കു ഇതിന്നൊന്നിന്നു കഴിഞ്ഞില്ല. മി. ചൎച്ചിൽ ക്രിസ്മസ്സു് ഒഴിവിൽ ആതൻസു് സന്ദൎശിച്ചു. കഴിയുന്നതും യോജിപ്പുണ്ടാക്കുന്നതിന്നു ശ്രമിച്ചു. അതേ സമയത്തും സ്റ്റാലിനും, റൂസ്‌വെൽട്ടുമായി കൂടിക്കാഴ്ച നടത്തേണ്ട ആവശ്യകതയെപ്പററി പ്രസ്താവിക്കയുമുണ്ടായി.



### സ്റ്റാലിന്റെ മൌന നയം

സ്റ്റാലിൻ ഒന്നും പ്രസ്താവിച്ചില്ല—അദ്ദേഹത്തിന്നറിയാമായിരുന്നു അതൊക്കെ ബൎലിനിലെ പ്രചാരകന്മാർ ദുൎവ്യാഖ്യാനം ചെയ്തു പരത്തുമെന്നു. വിയന്നയിൽ പ്രസിദ്ധപ്പെടുത്തുന്ന ബാൾക്കനിലെ പത്രങ്ങളിൽനിന്നു് ഉദ്ധരിച്ചതാണെന്നു പറയപ്പെടുന്ന റിപ്പോൎട്ടുകൾ പ്രകാരം, തങ്ങൾ ആ നാടുകൾ വിട്ടുപോരുന്നതിൽ വിഷാദം നിറഞ്ഞ ജനങ്ങളില്ലയെന്നു മററു വെറും കള്ളങ്ങൾ പറയുന്നതിൽ ജൎമ്മൻകാർ തീരെ ലജ്ജിക്കുന്നേയില്ല. നിഷ്പക്ഷനിരീക്ഷകന്മാരും, യു. എൻ. ആർ. ആർ. എ. പ്രവൎത്തകന്മാരും ഇവരുടെ കവൎച്ചയെപ്പററി രേഖപ്പെടുത്തിയിട്ടുണ്ടു്. നാസികൾ വരുത്തിയ നാശങ്ങൾ ഇല്ലായിരുന്നുവെങ്കിൽ, ഗ്രീസിലെപ്പോലുള്ള ഒരു രാജ്യത്തിലെ സ്ഥിതി എത്രയോ എളുപ്പമുള്ളവയുമായിരുന്നു.

ജനവരി 6-ാം തിയ്യതി പ്രസിഡണ്ടു റൂസ്‌വെൽട്ടു് സംഗതികളെയൊക്കെ വ്യക്തമാക്കി ചെയ്തു പ്രക്ഷേപിണി പ്രസംഗം വളരെ സന്ദൎഭോചിതമായിരിക്കുന്നു. ഗ്രീസ്, ജൎമ്മനി, യുദ്ധം, ഇവയെ സംബന്ധിച്ച അമേരിക്കൻ നയത്തെ ഈ പ്രസംഗത്തിൽ തികച്ചും വെളിപ്പെടുത്തിയിരിക്കുന്നു.

### യോജിച്ച പ്രവൎത്തനം

"ശത്രുവിന്റെ പ്രചരണത്തിന്റെ വിഷമയമായ ഫലങ്ങളെ കുറിച്ചു ഏററവും ഗൌരവമായ ഒരു താക്കീതു ഞാൻ നൽകട്ടെ" പ്രസിഡണ്ടു് പ്രസ്താവിച്ചു്. "പടിഞ്ഞാറൻ യൂറോപ്പിൽ ജൎമ്മൻകാർ ഉണ്ടാക്കാൻ ശ്രമിച്ച പിളൎപ്പു്, നമ്മേയും സഖ്യശക്തികളേയും ഭിന്നിപ്പിച്ചു അവർ ഉണ്ടാക്കാൻ ശ്രമിച്ച പിളൎപ്പിനോളം അത്ര ആപൽക്കരമല്ല. റഷ്യക്കാരേയും, ബ്രിട്ടീഷുകാരേയും സംബന്ധിച്ചും നമ്മുടെ അമേരിക്കൻ കമാണ്ടന്മാരെപ്പററിയും അടിസ്ഥാനമില്ലാത്ത, ദോഷകരമായ പല കിംവദന്തികളും ഉണ്ടു്. നിങ്ങൾക്കു കാണ്മാൻ സാധിക്കും, ഈ കിംവദന്തികളിന്മേലെല്ലാം ഒരേ ഒരു ട്രേഡ്മാൎക്കാണുള്ളതു്—'ജൎമ്മനിയിൽ ഉണ്ടാക്കിയതു്' എന്ന ട്രേഡ്മാൎക്കു്.

ജൎമ്മനി തികച്ചും പരാജയപ്പെടുന്നവരെ ക്ഷമയില്ലാതെ യുദ്ധം തുടൎന്നു പോവേണ്ട ആവശ്യകതയെ അദ്ദേഹം അസന്ദിഗ്ദ്ധ ഭാഷയിൽ പ്രഖ്യാപിച്ചു.

ബ്രിട്ടനും റഷ്യയും ലോകം എത്രമാത്രം കടപ്പെട്ടിട്ടുണ്ടെന്നും, സഖ്യസേനകളെ ബന്ധിപ്പിക്കുന്ന ആ ഐക്യത്തെപ്പററിയും, യുദ്ധകാലത്തും അതേപോലെത്തന്നെ സമാധാനദശയിലും, ഈ കൂട്ടുപ്രവൎത്തനം തുടൎന്നു പോകേണ്ട ആവശ്യകതയെപ്പററിയും അദ്ദേഹം ശ്രോതാക്കളെ ഓൎമ്മപ്പെടുത്തി.

ഗ്രീസിനെപ്പററിയും അദ്ദേഹം പറഞ്ഞു: "നാം വളരെ സൂക്ഷിക്കേണ്ടിയിരിക്കുന്നു." അദ്ദേഹം തുടൎന്നു "അമേരിക്കയും സഖ്യരാഷ്ട്രങ്ങളും തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങളെ, വിശിഷ്യ, ഫാസിസ്റ്റു് ദുഷ്പ്രഭുത്വത്തിൽനിന്നു വിമോചിതരായ ജനങ്ങളെ സംബന്ധിച്ചുള്ള സംഗതികളിലുള്ള അഭിപ്രായവ്യത്യാസങ്ങളെ അധികരിപ്പിച്ചു പറയാതിരിക്കണം....ജനകീയാഭിലാഷത്തിന്നു തികച്ചും പ്രകാശിക്കാനുള്ള സന്ദൎഭം വരുന്നതുവരെ ഏതൊരു രീതിയിലുള്ള സ്വയംഭരണമാണു് ജനങ്ങൾക്കാവശ്യമെന്നു ഉറപ്പിച്ചു പറവാൻ മേലാ."

പാശ്ചാത്യരംഗത്തിൽ ഈയിടെയായി മി. ചൎച്ചിൽ പൎയ്യടനം നടത്തിയതുതന്നെ, പ്രസിഡണ്ടു് റൂസ്‌വെൽട്ടിന്നു ജനറൽ ഐസൻഹോവറിൽ പൂൎണ്ണവിശ്വാസമുണ്ടെന്നു മുൻകൂട്ടി അറിയിപ്പിക്കുന്ന ഒരു സംഗതിയായിരുന്നു. ജൎമ്മൻ പ്രചരണത്തിന്റെ യഥാൎത്ഥ സ്വഭാവത്തെപ്പററി ഐസൻഹോവറെ മുൻകൂട്ടി ഒരു പക്ഷെ അറിയിച്ചിരിക്കണം. തന്മൂലം ജനവരി 5-ാം തിയ്യതി സഖ്യസേനാനേതൃത്വത്തിൽ ചില പുതിയ ഏൎപ്പാടുകൾ ചെയ്തു സഖ്യസേനകൾ സമമായ വിധത്തിൽ ജനറൽ ബ്രാഡ്‌ലേയുടെയും, മാർഷൽ മണ്ട്ഗോമറിയുടേയും നേതൃത്വത്തിൽ ഏല്പിക്കുകയുണ്ടായി.

ശത്രുവിന്റെ കുതന്ത്രം നിഷ്പ്രയോജനമായതിന്റെ ഒരു പ്രത്യക്ഷോദാഹരണമാണതു്.

## ആഴ്ചക്കുറിപ്പുകൾ

### അക്യാബ് പിടിച്ചു—അതിൻെറ സൈനികമായ പ്രാധാന്യം

ഭൂപടത്തിൽനിന്നു കാണാവുന്നപ്രകാരം, ഇന്ത്യ ഈ ലോകമഹായുദ്ധത്തിൻെറ നട്ടക്കാണ്. അതുകൊണ്ടു യുദ്ധഗതിയെ വിവേകപൂർവ്വമായും, യഥാർത്ഥമായും വീക്ഷിക്കുന്നതിന്നു നമുക്കു സാധിക്കുന്നു. ബർമ്മയിൽ പൊരുതുന്ന സഖ്യസേനകളെപ്പററി പ്രസ്താവിച്ചപ്പോൾ പ്രസിഡൻെറ് റൂസ്‌വെൽട്ട് പറയുകയുണ്ടായി: "വളരെ ദൂരത്താണവർ പൊരുതുന്നതെന്ന്." എന്നാൽ ഇന്ത്യക്കാരായ നമ്മൾക്കു ബർമ്മ വളരെ ദൂരെയല്ല. വളരെ ഇന്ത്യക്കാർ അവിടെയുണ്ടായിരുന്നു; ഇപ്പോഴും ഉണ്ട്. ഇതേവരെയും സമരം നടന്നിരുന്ന കുന്നിൻപ്രദേശങ്ങളിലും വനങ്ങളിലും പലരും പോയിട്ടില്ലെങ്കിലും, ബർമ്മയെപ്പററി ഇന്ത്യൻ ജനങ്ങൾക്കു ഏകദേശവിവരമുണ്ട്.

ഈയിടെ അക്യാബ് അധീനപ്പെടുത്തിയതു് ഏററവും വലിയ ഒരു നേട്ടമെന്നു മാത്രമല്ല, അത്ഭുതാവഹമായ ഒരു കൃത്യവുംകൂടിയാണ്. നാം കപ്പലുകളെല്ലാം ശേഖരിച്ചുവെച്ചിരുന്നു; അങ്ങിനെ പടകളെ ഇറക്കുകയും ചെയ്തു; എന്നാൽ ഈ കൃത്യം എങ്ങിനെയാണ് ചെയ്തതു്? അതു ജപ്പാൻകാർക്കു് ഒരു വിഷമംപിടിച്ച പ്രശ്നമാണ്. യുദ്ധം കഴിഞ്ഞതിന്നുശേഷം അവർക്കു് ഈ പ്രശ്നത്തിൻെറ രഹസ്യം മനസ്സിലാവുമായിരിക്കാം. ഇനിയും കൂടുതൽ വ്യാപ്തവും വിസ്തൃതവും വമ്പിച്ച തോതിലുള്ളതുമായ പടയിറക്കങ്ങളുണ്ടാവുമ്പോൾ, ശത്രുവിന്നു അതു് ആകസ്മികവും അത്ഭുതാവഹവുമായി തോന്നും. ഇന്ന് നമുക്കു ഒരു നല്ല തുറമുഖം കൈക്കലായിട്ടുണ്ട്—തന്മൂലം ആസന്നഭാവിയിൽ കൂടുതൽ സൈനികപരമായ മർമ്മസ്ഥാനങ്ങളിലേക്കു പടയിറക്കുവാൻ സാധിക്കും. അക്യാബ് ബർമ്മായുദ്ധത്തിൽ വിജയം നേടുന്നതിന്നുള്ള ഒരു ചവിട്ടുപടിയാണ്.


### ഫിലിപ്പൈനിൽ സഖ്യസേനകളുടെ പിടി മുറുകുന്നു


ലെയിററ്, സാമർ, മിൻഡോറൊ അതിന്നുശേഷം മാറിൻഡൂക്യ,—ഈ സ്ഥലങ്ങളെല്ലാം ഇന്നു ഫിലിപ്പൈനിൽ സഖ്യശക്തികളുടെ അധീനത്തിലാണ്. വടക്കു കിടക്കുന്ന ലസൺ ദ്വീപിൽ അടുത്തു അവർ പ്രവേശിക്കുന്നതായിരിക്കും. അടുത്ത പടയിറക്കത്തിന്നു സമയം വന്നതായി ജപ്പാൻകാർതന്നെ പറഞ്ഞുതുടങ്ങിയിരിക്കുന്നു. മുൻകൂട്ടിയുറച്ച പദ്ധതികളനുസരിച്ചു് റെയിൽപ്പാതകൾ, വിമാനത്താവളങ്ങൾ, തുറമുഖങ്ങൾ, ഇവമേലുള്ള ബോമ്പുപ്രയോഗങ്ങൾ കലശലായി നടന്നുവരുന്നുണ്ട്. ജപ്പാൻകാർക്കു് പരിഭ്രാന്തി വർദ്ധിച്ചുതുടങ്ങി.

എപ്പോൾ, എവിടെയാണ് തങ്ങൾ ആക്രമിക്കുക എന്നു സഖ്യസേനകൾ അറിയിച്ചുകൊടുക്കാറില്ല!

ഈയിടെ കഴിഞ്ഞ ജപ്പാനീസ് മന്ത്രിസഭായോഗത്തിൽ, "ഫിലിപ്പൈനിലെ സ്ഥിതിഗതികൾ വളരെ ഗൌരവതരമാണെന്നു" പറയുന്നതിന്നു കൊയിസൊ നിർബ്ബന്ധിതനായി.

## ലോകമഹാ യുദ്ധം ഇങ്ങിനെ കാണുക




### മാർഷൽ മൺട്ഗോമറിയുടെ സമരഗർജ്ജനം

ഏററവും സമർത്ഥനും നിപുണനുമായ ഒരു യോദ്ധാവാണ് ഫീൽഡ് മാർഷൽ മൺട്ഗോമറി. റൺട്സ്റ്റഡ്റിൻെറ സമരതന്ത്രങ്ങളെ തോല്പിക്കുന്നതിന്നു വേണ്ടത്ര ബുദ്ധിവൈദഗ്ദ്ധ്യവും, സൈനികസൂത്രങ്ങളും ഉള്ള ഒരാൾ. അദ്ദേഹം ജനറൽ സർ ലെഗ്രാസ് ബ്രൊൺറിഗ്ഗിനോടു പറഞ്ഞതായി പ്രസ്താവിക്കുന്നു: "യുദ്ധം ജയിക്കണമെങ്കിൽ നമുക്കു നാം തന്നെ തിരഞ്ഞെടുത്ത ഒരു സ്ഥലത്തുവെച്ചു് യുദ്ധം ചെയ്യുന്നതിന്നു റൺട്സ്റ്റഡ്റിൻെറ പടകളെ കിട്ടണം". കഴിഞ്ഞ ഞായറാഴ്ച അദ്ദേഹംചെയ്ത പത്രപ്രസ്താവനയിൽ, "യുദ്ധം വളരെ രസകരമായ തോന്നുന്നു" പദത്തിൻെറ രഹസ്യം അതായിരിക്കണം.

റൺട്സ്റ്റഡ്റിൻെറ പുരോഗതി തടുത്തുനിർത്തപ്പെട്ടു. മാത്രമല്ല, ആയാളുടെ സേനകൾ ഇന്നു വല്ലാത്ത ഒരു ഞെരുക്കത്തിലാണ് പെട്ടിരിക്കുന്നതു്. ഇരുഭാഗത്തുനിന്നും ജനറൽ ബ്രാഡ്‌ലേയും, മാർഷൽ മൺട്ഗോമറിയും കൂടി അവരുടെമേൽ കടുത്ത ഒരു ചവണപ്രയോഗം നടത്തിവരുന്നു. ഇപ്പോൾ റൺട്സ്റ്റഡ്റിന്നു കിണഞ്ഞു പൊരുതുകമാത്രമേ ഗത്യന്തരമുള്ളു. ഇപ്രാവശ്യം പിൻതിരിയാൻ പ്രയാസമാണ്, ആയാൾക്കു സേനകളെ മുന്നോട്ടു തള്ളുകതന്നെ വേണം. ഇനിയും ഏററവും രക്തപങ്കിലമായ സമരങ്ങൾ ചെയ്യാൻ കിടക്കുന്നതേയുള്ളു എന്ന് കുറച്ചു മാസങ്ങൾക്കുമുമ്പ് ചർച്ചിൽ പറഞ്ഞതു എത്രമേൽ അർത്ഥവത്തായിരിക്കുന്നു. ജർമ്മൻകാരെ കൂടുതൽ തുറന്ന സ്ഥലത്തേക്കു് ഓടിപ്പിക്കുന്നതു് യുദ്ധഗതിയെ മന്ദിപ്പിക്കുകയല്ല ത്വരിതമാക്കുകയാണ് ചെയ്യുക. നാസികളുദ്ദേശിച്ചതിന്ന് എതിരായ ഫലമാണ് അവരുടെ സംരംഭംകൊണ്ടുണ്ടാവാൻ പോകുന്നതു്.

### 1944 ലെ വിജയങ്ങൾ

ഈ യുദ്ധത്തിൽ സിദ്ധിച്ച വിജയങ്ങളെ തികച്ചും വിശദമായ വിധത്തിൽ മനസ്സിലാക്കണമെങ്കിൽ പല കേന്ദ്രങ്ങളിൽനിന്നുമായി നൽകപ്പെട്ട വിവരങ്ങളെയൊക്കെ പഠിക്കേണ്ടതു് അത്യാവശ്യമാണ്. ഉദാഹരണമായി, സഖ്യസേനകൾ 1944 ൽ ആകപ്പാടെ ജർമ്മനിയിൽ ഇട്ട ബോമ്പുകളുടെ കണക്കു കാണിച്ചിട്ടുണ്ട്. 15 ലക്ഷത്തോളം ടൺ ബോമ്പുകൾ സഖ്യവിമാനങ്ങൾ ജർമ്മനിയിൽ എറിഞ്ഞിട്ടുണ്ട്. ബോമ്പർ കമാണ്ട് മാത്രം, കാലാവസ്ഥ ചീത്തയായിരുന്നിട്ടു കൂടി, ഡിസെമ്പറിൽ 48,680 ടൺ ബോമ്പുകൾ വർഷിച്ചിട്ടുണ്ട്. നല്പത്തഞ്ചു ലക്ഷമാണ് 1944 ൽ ജർമ്മൻകാർക്കു് പററിയ ആൾനഷ്ടമെന്നു മോസ്കോവിൽനിന്നു പ്രസിദ്ധീകരിക്കുന്നു. അമേരിക്കൻ സേനയിൽ ഇന്നു 120 ലക്ഷം ആളുകളുണ്ടെന്നുള്ളതു ഔദ്യോഗികമായി അറിയിക്കപ്പെട്ടിരിക്കുന്നു. 1944 ൽ അമേരിക്ക 96,369 വിമാനങ്ങൾ നിർമ്മിച്ചിട്ടുണ്ട്. കനഡ വമ്പിച്ച 260 സാമാനക്കപ്പലുകളടക്കം, 1,100 കപ്പലുകൾ കടലിലേയ്ക്കിറക്കിയിട്ടുണ്ട്; 15,000 വിമാനങ്ങളും പണിതിട്ടുണ്ട്.

നാസികൾക്കു അടിക്കടി പററുന്ന നാശങ്ങൾ പ്രത്യുത സഖ്യസേനകൾക്കു് സിദ്ധിക്കുന്ന വിജയങ്ങളും വർദ്ധിച്ചുവരുന്ന സജ്ജീകരണങ്ങളും തമ്മിൽ ഒരു താരതമ്യപഠനം നടത്തിയാൽ മതി യുദ്ധത്തിൻെറ ഭാവിയെപ്പററി ഒരഭിപ്രായം രൂപീകരിക്കുന്നതിന്ന്.

### നിങ്ങൾക്കും പറക്കേണ്ടേ? ഭാവിയുള്ള ഒരു സേവനം

ഒരു ശോഭനമായ ഭാവിയുള്ള രണ്ടു സേവനങ്ങളാണുള്ളതു്, ഒന്നു പ്രക്ഷേപിണിയും, മറേറതു വിമാനമോടിക്കലും. എന്നാലും ഇന്ത്യൻ ജീവിതത്തെ ഇന്നും മുറുക്കിപ്പിടിച്ചിരിക്കുന്നതു് പരമ്പരയായി ചെയ്തുവരുന്ന പ്രവൃത്തികൾ മാത്രമാണ്. ക്ലർക്കുമാരും, വക്കീൽമാരുമാകണമെന്ന ഈ മനോഭാവം അമ്പതു കൊല്ലങ്ങൾക്കുമുമ്പെ ഒരു പക്ഷെ ശരിയായിരിക്കാം; എന്നാൽ വ്യവസായികവും, സാമ്പത്തികജീവിതത്തിൽ ഒരു സമുന്നതസ്ഥാനമർഹിക്കുന്നതുമായ ഒരു ഇന്ത്യക്കു് അനുയോജിച്ച സേവനങ്ങൾ ഇവ മാത്രമല്ല. യുദ്ധാനന്തരപുനഃനിർമ്മാണപദ്ധതികൾ എല്ലാം രൂപീകരിക്കപ്പെട്ടുവരുന്നു.

സാങ്കേതിക വിദഗ്ദ്ധന്മാരെ ഇന്ന് ഏററവും ആവശ്യമുള്ള കാലമാണ്; ഇന്ത്യയിൽ അവർക്കു് ക്ഷാമവും ഉണ്ട്. പ്രായോഗികമായ ശാസ്ത്രീയ പരിജ്ഞാനം സിദ്ധിച്ചവർ ഏതൊരു സമുദായ വ്യവസ്ഥയിലും, ഒരു നേട്ടവും ആവശ്യവുമത്രെ.

അഭ്യസ്തവിദ്യന്മാർക്കു് ഈ പരിജ്ഞാനം നേടുന്നതിന്ന് വിമാനസേനയിലെ പരിശീലനം നിമിത്തം ഒരവസരം കിട്ടുന്നതാണ്. ചുറുചുറുക്കും വിദ്യാഭ്യാസവും ഉള്ള ചെറുപ്പക്കാരെ ഇന്ന് ഇന്ത്യൻ വിമാനസേനയ്ക്കു് ആവശ്യമാണ്. പൌരസ്ത്യരംഗത്തിലെ യുദ്ധം അവസാനിക്കുന്നതിന്നുമുമ്പ്, പല വിമാനസേനാവിഭാഗങ്ങളും ആവശ്യമായ്‌വരും. ആക്രമണത്തിൻെറ ആരംഭത്തിൻെറ ഒരു ആരംഭം മാത്രമാണ് അക്യാബ്. യുദ്ധാനന്തരം വൈമാനികന്മാർക്കു നല്ല ഒരു ഭാവിയുണ്ടാകാം. സമാധാനകാലത്തും അവർക്കു് പ്രവൃത്തിയുണ്ടാകും. ഭാവിയിൽ ഏററവും സൌകര്യപ്രദവും സുഖകരവുമായ ഗതാഗതവ്യവസ്ഥ വിമാനമാർഗ്ഗമായിരിക്കും. മറുനാടുകളിൽ, വിമാനപരിശീലനത്തിന്നുള്ള അപേക്ഷാർത്ഥികളുടെ തിക്കുംതിരക്കും ചില്ലറയല്ല. ഈ രാജ്യത്തു എല്ലാവർക്കും സൌകര്യത്തോടെ ചേരാവുന്നതാണ്.

### ദക്ഷിണേന്ത്യയിൽ ഗോതമ്പു ഭക്ഷണം

യുദ്ധംമൂലം പല വ്യത്യാസങ്ങളും വന്നുചേരുന്നു. അതു ഇന്നു ഭക്ഷണരീതിയെക്കൂടി മാററിക്കളഞ്ഞു. പണ്ടൊക്കെയുണ്ടോ നമ്മുടെ നാട്ടുകാർ ഗോതമ്പു ഉപയോഗിച്ചിട്ടു്? ചിലപ്പോൾ, എതെങ്കിലും വൃദ്ധകൾ ഏകാദശി നോൽമ്പിന്നു ഗോതമ്പകഞ്ഞി വെച്ചിട്ടുണ്ടാവും. അതും ദുർല്ലഭമാണ്. നമ്മൾ അങ്ങിനെയുള്ള അവസരങ്ങളിലും ചാമയും, റായിയും ഉപയോഗിക്കയായിരുന്നു പതിവ്. എന്നാൽ, ഇന്ന് ദക്ഷിണേന്ത്യയിൽ മുഴുവനും ഗോതമ്പ് പ്രചുരപ്രചാരമായിരിക്കുന്നു.

ഇതെത്ര വേഗമാണ് സാധിച്ചതെന്നു ഓർത്തുനോക്കുമ്പോൾ നമുക്കു ആശ്ചര്യം തോന്നും. പക്ഷെ, ഇതിന്നുവേണ്ടി പല ത്യാഗവും ചെയ്തിട്ടുണ്ട്. മദിരാശി ഗവർമ്മേണ്ടു്, ഗോതമ്പുപ്രചരണം നടത്തുന്നതിന്നും, ആളുകളെ ഗോതമ്പു വാങ്ങുന്നതിന്നു പ്രേരിപ്പിക്കുന്നതിന്നുമായി 32 ലക്ഷം ഉറുപ്പികയോളം ചെലവഴിച്ചിട്ടുണ്ട്. ഗോതമ്പിൻെറ പോഷകശക്തി ലോകപ്രസിദ്ധവും ജനസമ്മതവുമാണ്. പക്ഷെ അരി ഭക്ഷിക്കുന്നവർക്കുണ്ടോ ഈ വാസ്തവം പെട്ടെന്നു മനസ്സിലാവുന്നു? പണ്ടു് കാറെറാ പറഞ്ഞമാതിരി "എൻെറ കൂട്ടുകാരേ, വയറിനോടു വർത്തമാനം പറയുവാൻ വളരെ പ്രയാസമാണ്; അതിന്നു ചെവിയില്ല." കാതുണ്ടായാലും ഇല്ലെങ്കിലും ശരി, മദിരാശിക്കാർ ഗോതമ്പിൻെറ സ്വാദു നോക്കാൻ തുടങ്ങിയിരിക്കുന്നു.

ഗോതമ്പു ഉഷ്ണമേറിയതും, പാചകം ചെയ്യാൻ പ്രയാസമുള്ളതുമാണെന്നു് ഒരാക്ഷേപവുമുണ്ട്. വാസ്തവത്തിൽ നാം ഭക്ഷിക്കുന്ന അളവനുസരിച്ചുനോക്കിയാൽ അരിയിലാണ് ഉഷ്ണവർദ്ധകമായ 'കാർബോഹൈഡ്രേററ്സും, പഞ്ചസാരയും' അധികമുള്ളതു്. ഗോതമ്പു പാകം ചെയ്യാൻ, അരിയെപ്പോലെ അത്ര വിഷമമില്ലെന്നു പരിചയമുള്ളവർക്കെല്ലാം അറിയാം; കണ്ടറിഞ്ഞിട്ടുള്ളവർക്കൊക്കെ ബോദ്ധ്യമായിട്ടുമുണ്ട്.

# സുമ

(ജി. പി. ശങ്കരമംഗലം.)

'ഫാസിസ്റ്റു' ശക്തിയുടെ യന്ത്രമശസ്ത്രചക്രം-
ഭേസാദ്ധരിത്രിയെ വിഴുങ്ങിന യുദ്ധയക്ഷി,
ഏഷ്യയ്ക്കു, ജാപ്പുഭടരാം യമദൂതരെന്ന-
പേക്ഷപ്പകച്ചയിലണഞ്ഞലറിപ്പുളച്ചു.

പൌരസ്ത്യ രാജ്യഗഗനം പലതും കടുത്ത-
കൌടില്യ യുദ്ധവെറിയാം പുകകൊണ്ടു മൂടി
കാടത്തമാന്ന പരിചയ്ക്കയിലന്ധരാമാ-
വേടപ്രമാണർ, ഭരതക്ഷിതിയോളമെത്തി. . . !

മാനാപമാനഭയവും, മനുജത്വജന്മ-
സ്ഥാനാർഹമാം സഹജബുദ്ധിയുമേതുമെന്യേ
ഹീനപ്രവൃത്തികളതിക്രമമാചരിച്ചി-
വാനത്തിലും വിഷമയപ്പുക മുക്കരേറി.

സിദ്ധാന്തമെത്രവിപരീതം ! അഹോ, ജഗത്തിൽ
സിദ്ധാർത്ഥശിഷ്യർ തുടരും നരഹിംസകൃത്യം ;
കല്പദ്രുതൻ ഫലമതിൽ ബത കാഞ്ഞിരംതാ-
നല്പന്നമായ് ; കഠിനം ; എന്തൊരു കാലഭേദം !

ഭൂരിപ്രതാപമിയലും നൃപരത്നപീഠം-
മുരത്തെറിഞ്ഞു, സഹജാതരിലാർദ്രനായി
പാരാകെയും കരുണതൻ കതിർവീശിയോരു
ഭൂരിപ്രശാന്ത ഗുരുവെ, ങ്ങിവരെങ്ങു, നീചർ!

ഓതുന്നപോൽ, "അടിമമർത്ത്യരെ യാകമാനം-
കൈതന്നുയർത്തുവതിനീവരവെ" ന്നു മൂഢർ;
വാഗ്ധോരണീ, മതി, നിറുത്തുനിറുത്തു, സത്യ-
ബോധത്തിനീയുലകിനിന്നിയുമുണ്ടു കാലം.

ആണവശക്തിയിലജയ്യതയാന്ന, മർത്ത്യ-
ശ്രേണിക്കെഴും മഹിതമാം ജനിഭൂമിയായി,
ത്രാണിപ്പെട്ടും നൃവരസൽ ഭരണത്തിലിൻഡ്യാ-
മാണിക്കമായ് 'മണിപുരം' നഗരം ലസിപ്പൂ.

വാർതിങ്കൾതൻ വദനലക്ഷ്മിയിലാശയാൽവൻ-
കാർകൊണ്ടൽവന്നു ചതിയായ് കവരുന്നപോലെ
താർക്കതൻ കടമിഴിക്കളിരംഗമാമ-
പ്പാർമണ്ഡലം 'നരകസേനക' ളാക്രമിച്ചു.

പെണ്ണുങ്ങൾ, കുട്ടികൾ,വയോധികരെന്നിവണ്ണം
കണ്ണിന്നു കണ്ടവരെയൊക്കെയരിഞ്ഞൊതുക്കി,
മണ്ണിന്നെഴും കൊതിപെരുത്തതിദുഷ്ടർ, മഞ്ഞ-
വണ്ണത്തെയാനഗരലക്ഷ്മി മുഖത്തു തേച്ചു.

പട്ടാളഭീകരകരാൽ ജയലക്ഷ്മിയാളെ-
ക്കെട്ടിപ്പുണർന്നമിതദുർന്നയരാശിയായി,
മുട്ടാളർതൻമകുടമായ്, നിലയത്തിൽ, ജാപ്പു-
പട്ടാളനാഥനൊരുവൻ, ഞെളിഞ്ഞിരിപ്പൂ.

പീതപ്പിശാചിനുസമം വിലസും തദീയ
പാദദ്വയം കരതലാൽ തടവിക്കൊടുത്തും,
ഓതുന്ന വാക്കുകളശേഷവു "മെസ്സു" വെച്ചും-
സാധുക്കൾ രണ്ടുപടയാളികൾ സേവചെയ്വൂ.

വാരുററ ചാരുണി മുഖത്തരുണ പ്രഭാവം-
ചേരുന്നു, സജ്ജനമതിൽക്കളിയാന്നിടുന്നു,
നേരററ കൃത്യമധികം തുടരും ജനത്തിൽ-
പാരിൽവരം പകയെഴുന്നതു, ന്യായമല്ലോ.

"ആജാനവിക്രമനിവൻ വിജയിച്ചതിങ്കൽ-
ഭ്രൂജാനിയും പുരജനങ്ങളുമെത്രമാത്രം
പൂജാവിധങ്ങളരുളില്ലി," തിചിന്തയാന്നി-
വ്യാജാധിവാസചരിതൻ തിമിരാന്നിരുന്നു.

സേനാനുസാരവചനാല്പചാരപൂർവ്വം
സ്ഥാനാധിനാഥസവിധത്തിലണഞ്ഞൊരുത്തൻ
"ആനീതയായ്, ഒരുവൾ, സുന്ദരി, പാദപൂജ-
യ്ക്കായ്, നന്ദയൗവ്വന വിലാസിനി"യെന്നുരച്ചു.

"കൊണ്ടാ; മിടുക്കൻ, അവളിന്നിരവിൽകളിപ്പൂ-
ച്ചെണ്ടായ്; നിനക്കുടനെ ഞാനരുളാം പ്രമോ
[ക്ഷൻ"
തണ്ടാർശരാസ്ത്രചകിതൻ നിലവിട്ടെണീററു
കൊണ്ടാ, ഭടൻെറ മുതുകിൽത്തടവിപ്പറഞ്ഞു.

ആനീതനായ്, അരഞൊടിക്കിടയിൽ, പൂവുപ്പൂ-
ന്തേനൂറിടും വചനയാം നവനീതഗാത്രി
നാനാവികാരവശയെപ്പുതു പുഷ്പവല്യം-
പാനാർഹമായ് കുടിലനാമവനങ്ങുകണ്ടു.

കാറൊത്തിടും കബരി, കൂമ്പതയാന്നകൺകോൺ,
താരൊത്തതങ്കവദനം, തളിരൊത്തമേനി,
മാറത്തിണങ്ങിവളരും കുചയുഗ്മ, മെല്ലാം
കോരിത്തരിപ്പരുളിയാ വിടമെയ്യിലെങ്ങും.

നേത്രാഞ്ചലാൽ പരിജനത്തെയകററി, മദ്യ-
പ്പാത്രത്തിലൊന്നൊരു വലംകൊഴിവാക്കിവേഗം,
താത്തേൻമൊഴി പ്രകടമോദനുരാഗ ഭാവാൽ-
ധൂർത്തൻ തുടർന്നകുശലം, പലതും പ്രകാമം.

"വന്നാലുമെന്നരികിൽ, ഇങ്ങനെ ദൂരെവാങ്ങി-
നിന്നാകിലെങ്ങനെ സഹിപ്പതു സാധ്വ്യവാം ഞാൻ
ഇന്നാണു മൽജനിഫലം പരിപൂർണ്ണമായ-
തെന്നാണിവൻെറമത, മോമനയെന്തു ചൊൽവൂ?

ഈരാജ്യമാസകലവും വിജയധ്വജം തൻ-
വീരഗ്രതാപദരിതാത്ത നിലനാട്ടിനിൽപോൻ
പാരൊക്കെയും പുകൾപെടും പ്രിയജാപ്പനാഥ-
നാരാദ്ധ്യനല്ലി, മഹിളാമണിയോർത്തു നോക്കു!

കൊല്ലും കൊലയ്ക്കുമധികാരി, ജഗത്തിതെല്ലാം-
വെല്ലുന്നതിന്നുചിതമാം വിജയപ്രതാപി,
കില്ലില്ലെനിക്കു സുഭഗേ, മതിശാലിനി, നിൻ-
ഫുല്ലത്വമാന്ന നവയൗവ്വനമർത്ഥവത്തായ്.

ആരോമലേ ; പറകനിൻകുലമേതു, പേരെ-
ന്താ, രാണുനിൻ പ്രിയതമൻ മഹനീയഭാഗ്യൻ,
നേരോടിതൊക്കെയറിയാൻ കൊതിയുണ്ടി,
[തെല്ലാം
വീരോചിതം വിമലചര്യകളല്ലി ഭദ്രേ!"

സംഭ്രാന്തയാം തരുണിയോതി, "മഹൽപ്രതാപം-
ബംഗാളമെൻ ജനനഭൂ, സുമ നാമധേയം,
സമ്പൂതവൃത്തരജപുത്രകുലത്തിൽ വന്നു-
സംഭൂത ഞാൻ, പരിണതാപതി രാജസിംഹൻ."

"ഹാ, രാജസിംഹവധുവോ"; ഇടിയൊച്ച
[കേൾക്കം-
ഘോരാഹിയെന്ന വിധമൊന്നു നടുങ്ങി ദുഷ്ടൻ,
ധീരോഗ്രഭാവമതിയാമവളിൽ തിളങ്ങും-
വീരോചിതം വിശദലക്ഷണമോർത്തു വീർത്താൻ.

മാരാസ്ത്രമാലിലുരുകും ഹൃദയം പൊറാഞ്ഞി-
ട്ടാരാലവൻ തരുണിയോടുര ചെയ്തു, "ധന്യേ,
നീ രാജമാനഗുണ പൂർണ്ണ, നിനക്കുവാച്ച-
താരാക്ഷസ പ്രകൃതനോ, പതിയായ്, കഷ്ടം."

"എന്തോതി നീ ?" പു… കമൊന്നു വളച്ചു, രോ
[ഷാൽ-
പന്തൊടിടഞ്ഞുമുലയാൾ കടുതായുരച്ചു
"സന്താനശാഖസമനെൻ പ്രിയനാഥ വൃത്ത-
മെന്തൊന്നു നീയറിവു, കശ്മലശൂദ്രബുദ്ധി ?"

"പോരും നിറുത്തു, പവിഴാധരി, നിന്നൊടി
[പ്പോൾ
പോരിന്നു ഞാൻ മുതിരുകില്ല, പൊറുത്തുകൊള്ളു
താരിൻ സമം മൃദുലമാം തവഹൃത്തിനേതും-
ചേരുന്നതല്ല സുഭഗേ ; എരിതീ പ്രഭാവം.

ഇക്കാണുമെന്നരിയ ഖഡ്ഗബലത്തോടേററു-
വക്കാണമാർന്നു കണവൻ മരണം വരിച്ചു
അക്കാര്യമിന്നു ദൃഢമായറിയുന്നു നീയെ-
ന്നൽക്കാമ്പിലുണ്ടിവനു നിശ്ചയ, മെന്തു ചെയ്യാം.

പോരാണു, വൈരിക ളടുത്തടരാടിടുമ്പോ-
ളാരാകിലും തലയെടുപ്പതു ധർമ്മമല്ലേ ;
ആരോമലേ പകയതിൽ കരുതൊല്ലതെല്ലും-
വീരോചിതം വിമലചര്യകളത്രമാത്രം.

രമ്യാംഗി, നിൻകണവനിൽ ബഹുമാനപൂർവ്വം-
സമ്മാനവും, പദവിയും നിലവിട്ടു നൽകി
ബർമ്മക്കുപാലുമധിപസ്ഥിതിയിങ്കൽ വെയ്പാ-
നെമ്മന്നവൻ കരുണയാർന്നു വസിച്ചിരുന്നു.

ആ മന്ദബുദ്ധി ; വിധിനിശ്ചയശക്തിയാകാം,
കൈവന്ന ഭാവുകഭരം നിരസിച്ചുപോലും
ചാവുന്നതിന്നു കൊതിയാൽ വെറിപൂണ്ടവങ്കൽ
ആവുന്നതല്ല സുഭഗേ, സഹതാപ ഭാവം.

സാമംതുടർന്നു ത്രിവിധങ്ങളുമാശവെച്ചു-
ഞാനന്നവന്നു ക്രമമായ് വിവരിച്ചുനോക്കി
ഈ മണ്ണിനിന്നധിപനായ് കഴിയേണ്ടവൻ
|പോയ്-
ഹാ മണ്ണുകപ്പി, വിധി നിശ്ചയമാർക്കു നീക്കാം ?

ഓർക്കുന്നു ഞാൻ ; അവനെനിക്കെഴുതിക്കൊടുത്തോ
രാപ്പത്രവാചകമതെത്ര കടുപ്പമെന്നോ-
നായ്ക്കൾക്കു തുല്യശഠരേ ബത നിങ്ങൾ ചെയ്യും
പേക്രൂരത്തിൽ ഞാൻ ഭരതപുത്രനിണങ്ങുമെന്നോ.

ഹുങ്കാരമോടമലസഖ്യ ബലത്തൊടൊന്നി-
ച്ചങ്കാവനീതലമതിൽ ശഠനായ നിന്നെ
കങ്കാളമായ്ഞൊടിയിടയ്ക്കു കഴിച്ചു നിൻെറ-
പങ്കാളിമാരെയുമൊടുക്കിടുമോർമ്മ വേണം (യുഗ്മ
[കം)

(തുടരും)

# വിജയത്തിന്നുശേഷം മററെല്ലാം

## ഒരു അമേരിക്കൻ പ്രധാനിയുടെ ഉൽബോധനം

(എൽമർ ഡേവിഡ്.)

[നമ്മുടെ ശത്രുക്കൾ, നമ്മുടെ ഇടയിൽ അഭിപ്രായവ്യത്യാസങ്ങളുണ്ടാക്കി ഭിന്നിപ്പിന്റെ വിത്തുകൾ വിതക്കുന്നതിന്നു ശ്രമിച്ചുവരുന്നു, എന്നാണ് അമേരിക്കൻ യുദ്ധവിവരണവകുപ്പിന്റെ (യു. എസ്സ്. ഒ. ഡബ്ല്യു. ഐ.) ഡയറക്ടരായ എൽമർ ഡേവിഡ് ന്യൂയോർക്കിൽവെച്ചുചെയ്ത ഒരു പ്രക്ഷേപിണി പ്രസംഗത്തിൽ ഉൽബോധിപ്പിച്ചതു്.]

"മൂന്നു കൊല്ലങ്ങൾക്കു മുമ്പുണ്ടായിരുന്ന ആ ഇരുണ്ട കാലങ്ങളിലേക്കു നാമൊന്നു തിരിച്ചുനോക്കുക—അന്നു മണില നഷ്ടപ്പെട്ടിരുന്നു; മോസ്കോവാകട്ടെ ആപത്തിലുമായിരുന്നു." ഡേവിഡ് പറഞ്ഞു "ചില ചെറു നിഷ്പക്ഷ രാഷ്ട്രങ്ങളൊഴിച്ച്, മോസ്കോവിന്നു പടിഞ്ഞാറുള്ള യൂറോപ്പു മുഴുവനുംതന്നെ ജർമ്മൻ നിയന്ത്രണത്തിലും അധികാരത്തിലുമായിരുന്നു. 'വിച്ചി'യുടെ കീഴിലുണ്ടായിരുന്ന വടക്കുകിഴക്കൻ ആഫ്രിക്കയിൽനിന്നു അമേരിക്കൻ അർദ്ധഗോളത്തെ ശത്രുവിന്നു എപ്പോൾ വേണമെങ്കിലും ഉപദ്രവിക്കാമായിരുന്നു. പാസിഫിക്കിലാകട്ടെ, നാം വമ്പിച്ച വിപൽപ്രവാഹത്തിൽപെട്ടു വലയുകയായിരുന്നു. മേയ്മാസം വരേയും അതു തടയുന്നതിന്നു നമുക്കു സാധിച്ചില്ല. സമരഗതി തിരിച്ചടിക്കാൻ ആരംഭിച്ചതു് ജൂണിൽ മാത്രമാണ്.

ഇന്നോ? ശത്രുവിനെ ബാൾക്കനിൽനിന്നും ആഫ്രിക്കയിൽനിന്നും മെഡിറററേനിയൻ തീരങ്ങളിൽനിന്നും ആട്ടിത്തുരത്തിയിരിക്കുന്നു; ഫ്രാൻസും, ബെൽജിയവും സ്വതന്ത്രമായി; മാത്രമല്ല, നമ്മുടെ സേനകൾ ജർമ്മനിയിൽത്തന്നെ കാൽ കുത്തിനില്ക്കുന്നു മക്ആർതർ വീണ്ടും ഫിലിപ്പൈനിൽ തിരിച്ചെത്തിക്കഴിഞ്ഞു.

പക്ഷെ ഇതുകൊണ്ടുമാത്രമായില്ല, ഇന്നും നാം സമാധാനമാർഗ്ഗത്തിലെത്തിക്കഴിഞ്ഞിട്ടില്ല. അതിന്നു ഇനിയും ഐക്യതയോടെയും, ഉത്സാഹത്തോടെയും സഖ്യശക്തികൾ പൂർവ്വാധികം ബലത്തോടെ ഊന്നി ശ്രമിക്കേണ്ടതു അത്യാവശ്യമാണു—അതുകൊണ്ടു മാത്രമേ, ഭാവി നിർമ്മിക്കുന്നതിന്നു വേണ്ടിയുള്ള സമഗ്രവിജയം സാദ്ധ്യമാവുകയുള്ളൂ.

ഇന്നത്തെ ശത്രുക്കൾ തികച്ചും പരാജയപ്പെട്ടതിന്നുശേഷമേ സമാധാനമുണ്ടാവാൻ തരമുള്ളൂ. ഏതൊരു ഉദ്ദേശ്യപ്രാപ്തിക്കും, വിജയം ആദ്യമായി കൈവന്നേ കഴിയൂ. നമ്മുടെ ശത്രുക്കൾക്കു എന്തായാലും, ഒരു വമ്പിച്ച വിജയം നേടണമെന്നു ആശിക്കാൻ നിവൃത്തിയില്ല. തദ്ദേശീയമായ ചെറുവിജയങ്ങൾകൊണ്ട്, നമ്മുടെ വിജയത്തിന്നു താമസം വരുത്തുക, അതിനിടയിൽ സഖ്യപക്ഷത്തിന്റെ ഇടയിൽ ഛിദ്രമുണ്ടാക്കിത്തീർത്ത്, ഒരു സമാധാനം സ്ഥാപിക്കാൻ നോക്കുക, അതാണ് ശത്രുക്കളുടെ ആവശ്യം. എന്നാൽ അവർക്കു അടുത്ത യുദ്ധത്തിന്നുള്ള കോപ്പുകൂട്ടുന്നതിന്നു സമയം ലഭിക്കുമല്ലോ—ഈ അഭിലാഷത്തെ തകർത്തുന്നതിന്നു രണ്ടു മാർഗ്ഗങ്ങളുണ്ട്—ഒന്ന്, രണാങ്കണത്തിൽ ഭയങ്കരമാംവിധം പോർ തുടങ്ങുക. ആ കൃത്യം നമ്മുടെ നാവികഭടന്മാരും യോദ്ധാക്കളും നിർവ്വഹിച്ചുവരുന്നു. മററതു, സഖ്യപക്ഷീയരാഷ്ട്രങ്ങൾക്കിടയിൽ കഴിയുന്നത്ര രഞ്ജിപ്പുണ്ടാക്കുക. അതായതു്, ഐക്യരാഷ്ട്രങ്ങൾ കഴിയുന്നത്ര അഭിപ്രായവ്യത്യാസങ്ങൾ ഇല്ലാതാക്കാൻ ശ്രമിക്കുക. അതേ സമയത്തു്, സഖ്യരാഷ്ട്രങ്ങളിലെ ജനങ്ങൾ, വല്ല അഭിപ്രായവ്യത്യാസങ്ങളും ഉണ്ടെങ്കിൽ അവയെ പൊക്കിപ്പിടിച്ചു് സ്ഥിതിഗതികൾ കൂടുതൽ മോശമാക്കാതിരിക്കുകയും വേണം.

സ്വതന്ത്രമാക്കപ്പെട്ട ചില രാജ്യങ്ങളിൽ ഉണ്ടായ ചില സംഭവവികാസങ്ങൾ പല അമേരിക്കക്കാർക്കും അവജ്ഞതയുളവാക്കിയിട്ടുണ്ട്. ഈ സംഗതികളെ സംബന്ധിച്ചു് നമ്മുടെ ഗവർമ്മെണ്ടിന്നുള്ള നയം വ്യക്തമാക്കിയിരിക്കുന്നു. അതു ഫലപ്രദമാകുന്നതിന്നുള്ള പരിശ്രമങ്ങളെല്ലാംതന്നെ ചെയ്തുവരുന്നുമുണ്ട്.

ഇതിനിടയിൽ ഈ അഭിപ്രായവ്യത്യാസങ്ങളെ കൊട്ടിഘോഷിച്ചു നടക്കുന്നവർ കുറച്ചുകൂടി വിവേചനാശക്തി പ്രദർശിപ്പിക്കുമെന്നു് വിശ്വസിക്കാം. ഈ വിമർശകന്മാർ പലരും വളരെയധികം ദൂഷണക്കാരാണ്. അവരിൽ പലരും പ്രായമെത്താത്തവരാണ്. പ്രഥമവും ദ്വിതീയവുമായ ഉദ്ദേശ്യങ്ങൾ തമ്മിലുള്ള വ്യത്യാസം അവർ പഠിച്ചിട്ടില്ല.

### അത്‌ലാന്തിക് രേഖ, ഒരു സകല രോഗവിനാശിനി അല്ലതന്നെ

ഉദാഹരണമായി അത്‌ലാന്തിക് രേഖയെടുക്കുക. മി. ചർച്ചിലും, റൂസ്‌വെൽട്ടും, ഭാവിയിൽ ഒരു മെച്ചപ്പെട്ട ലോകം സൃഷ്ടിക്കുന്നതിന്നുള്ള പൊതുതത്വങ്ങളും, ദേശീയനയങ്ങളും അതിൽ അടങ്ങിയിട്ടുണ്ടെന്നു പ്രസ്താവിക്കുകയുണ്ടായി—"നമ്മുടെ രീതിയിലുള്ള പരിഷ്കാരത്തിന്നു പ്രാപിക്കാനുതകുന്ന ഒരു ലക്ഷ്യ"മാണെന്ന അഭിപ്രായത്തോടെ പ്രസിഡെണ്ട് അതു കോൺഗ്രസ്സിൽ അവതരിപ്പിച്ചു. ഐക്യരാഷ്ട്രങ്ങളുടെ പ്രതിനിധികൾ അതൊരു 'പൊതുലക്ഷ്യങ്ങളേയും, തത്വങ്ങളേയും ഉൾക്കൊള്ളുന്ന പരിപാടി'യാണെന്നു അഭിപ്രായപ്പെട്ടു. യുദ്ധം അവസാനിച്ചതിന്റെ പിറേറദിവസം ഇതെല്ലാം നടപ്പിൽ വരുത്താമെന്നു് ആരും പറഞ്ഞിട്ടില്ല. എന്നിട്ടും പ്രാസംഗികന്മാരും ലേഖകന്മാരും—അവരിൽ ചിലർ ആദ്യംതന്നെ അത്‌ലാന്തിക് രേഖയെപ്പററി പ്രസ്താവിക്കപ്പെട്ടപ്പോൾ എതൃത്തവരാണു—യുദ്ധംചെയ്തതു് നിഷ്ഫലമായെന്നും, ഉടനടി അത്‌ലാന്തിക് രേഖയിലടങ്ങിയ തത്വങ്ങൾ പ്രായോഗികമാക്കണമെന്നും പ്രസ്താവിച്ചുവരുന്നു. വിജയംമൂലം ലോകത്തിന്റെ സകല പ്രശ്നങ്ങളും കുഴപ്പങ്ങളും പരിഹരിക്കപ്പെടുമെന്നു വിചാരിക്കുന്നതിൽ യാതൊരു യുക്തിയുമില്ല; അവയുടെ പരിഹാരത്തിന്നുള്ള ശ്രമത്തിൽ ഒരു പടി മുന്നോട്ടു പോകുന്നതിന്നു സാധിച്ചുവെന്നുവരാം. അവരാലാവുന്നതും, ഈ തുറയിൽ ചെയ്യുന്നതിന്ന് രാഷ്ട്രങ്ങൾ ശ്രമിച്ചതിന്റെ ഫലമാണ് അത്‌ലാന്തിക് രേഖ. നേരെമറിച്ച് യുദ്ധത്തിൽ നാം പരാജയപ്പെട്ടാൽ, ശത്രു ചില പരിഹാരങ്ങൾ കണ്ടുപിടിച്ചിരുന്നു; അയാളുടെ പരിഹാരങ്ങൾ നമുക്കു തീരെ ഇഷ്ടമാവുകയില്ലതാനും.

### വിജയം ആദ്യം

യൂറോപ്പിലെ ഏതെങ്കിലും ചില അതൃത്തിത്തർക്കങ്ങൾ തീർത്തില്ലെങ്കിൽ, സഖ്യപക്ഷത്തിന്നിടയിൽ ചില ധാർമ്മികപരിഷ്കരണം വരുത്തിയില്ലെങ്കിൽ, യുദ്ധം ചെയ്യുന്നതു നിഷ്ഫലമാണെന്നു ചില ആളുകൾ പറയുന്നു.


യൂണൈറെറഡ് സ്റ്റേററ്സിനെ ആക്രമിച്ച രണ്ടു പ്രബല സാമ്രാജ്യങ്ങളെ തകർക്കുവാൻ സാധിക്കുന്നപക്ഷം, യുദ്ധം ചെയ്യുന്നതു വൃഥാവിലാകാൻപോകുന്നില്ല. പ്രത്യുത അവർ ജയിച്ചിരുന്നെങ്കിൽ, നമ്മുടെ ശക്തി മുഴുവനും ക്ഷയിക്കുകയും, സ്വാതന്ത്ര്യങ്ങൾ നാമാവശേഷമാവുകയും ചെയ്യുമായിരുന്നു.

ആ സാമ്രാജ്യങ്ങളെ വിജയിച്ചതുകൊണ്ടുമാത്രം എല്ലാം അവസാനിച്ചില്ല. നമുക്കു ആവശ്യമുള്ള കാര്യങ്ങളെപ്പററി ആലോചിച്ചു തീർച്ചയാക്കുന്നതിനും, പ്രശ്നങ്ങൾക്കു മറുപടികൾ കണ്ടുപിടിക്കുന്നതിന്നുമുള്ള പരിതസ്ഥിതികൾ ഇതുമൂലം കൂടുതൽ സൌകര്യപ്രദമാവുന്നു എന്നുമാത്രം. നമ്മുടെ മഹനീയ ലക്ഷ്യം അതാണ്—ഇവിടെനിന്നു മുന്നോട്ടു പോകാനുള്ള പ്രാഥമികമായ മുൻഗണന. നമുക്കു ആവുന്നത്ര വേഗത്തിലും പരിപൂർണ്ണമായും, ആ വിജയം കൈവരുന്നതിന്നു ശ്രമിക്കുകയും, അതിന്നുശേഷം മററുള്ള കാര്യങ്ങളെപ്പററി ചിന്തിക്കുക—യൂണൈറെറഡ് സ്റ്റേററ്സിലേയും ഐക്യരാഷ്ട്രങ്ങളിലേയും ജനങ്ങളുടെ നവവർഷത്തിലെ തീരുമാനം ഇതായിരിക്കട്ടെ.


# നമ്മുടെ വൈമാനികന്മാർ ബർമ്മയിൽ ബോമ്പു വർഷിക്കുന്നു

ഇന്ത്യയെ താവളമാക്കി ആർ.എ.എഫ്. ലിബറേറ്റർ വിമാനങ്ങൾ ബർമ്മയിൽ ബോമ്പു ചെയ്യുവരുന്നു. കപ്പൽത്തളങ്ങൾ, റയിൽവേകൾ, പട്ടാളത്താവളങ്ങൾ ഇവയാണ് ഇവരുടെ ലക്ഷ്യങ്ങൾ. ഉഴയിടെ ഈ വിമാനങ്ങൾ 2,300 മയിൽ പറന്നു, പുതുതായി പണിയിച്ചതും ദക്ഷിണ ബർമ്മയിലുള്ളതുമായ കചാഴഹഗാങ്ങ് തുറമുഖത്തിൽ ബോമ്പിട്ടു കനത്ത നാശങ്ങൾ ശത്രുവിന്നു വരുത്തി.

ഈ ആകാശാക്രമണങ്ങളിൽ മലേസ് സംസ്ഥാന സ്ക്വാർഡനും പങ്കുണ്ട്. നാല് എഞ്ചിൻ ഉള്ള ലിബറേറ്റർ വിമാനങ്ങളിൽനിന്നു ജാപ്പുകളെ ടോക്കിയോവിലേക്കു തന്നെ തിരിച്ചോടിക്കുന്നതിന്നായി അവർ കൂടക്കൂടെ കഠോര ആക്രമണങ്ങൾ ബർമ്മയുടെ ആകാശപ്രദേശത്തു നടത്തി വരുന്നു.



500 റാത്തൽ ബോമ്പുകൾ ലിബറേറ്ററിൽ കയററുന്നു



ബർമ്മയിൽ പിൻമന എന്ന സ്ഥലത്തെ റയിൽവെ സ്റ്റേഷൻ; ഒരാക്രമണത്തിന്നുശേഷം അഗ്നിജ്വാലകൾ ഉയൎന്നു പൊങ്ങുന്നതു നോക്കുക!

## പ്രതീക്ഷിയ്ക്കാത്ത ഒരു ചോദ്യം




വ്യവസായിപ്രമുഖരോടു് വേവൽ പ്രഭു :—അല്ലാ, നിങ്ങൾ ഇവരെപ്പററി നിങ്ങളുടെ പ്ലാനുകളിൽ എന്തു പറയുന്നു ?

സമരഗാനം നമ്പർ 3.

# കൊള്ളക്കാരെ കൊല്ലുവിൻ!

അക്രമി ജപ്പാൻകൊള്ളക്കാരെ കൊന്നുമുടിച്ചീടാൻ
വിക്രമമേറും വീര്യമിയന്നോർ ഭാരതപുത്രന്മാർ.
പുതുവർഷത്തിൻപൂർണ്ണിമയിൽ നമ്മൾപൂരിതസന്തോഷം
കൊതികൊണ്ടാർത്തു കുതിച്ചു ഗമിക്കുക പോർക്കളമെത്തീടാൻ !

കൊലയാളികളേ, കൊള്ളക്കാരേ, കരുതിക്കൊണ്ടാലും;
വിലപോകില്ലാ ജാപ്പിൻജാടകൾ ഞങ്ങടെ നാട്ടിങ്കൽ!
നമ്മുടെ നാടിതു ഭാരതമേകിനി പാവനമാം രാജ്യം,
തിന്മകൾതന്നിരയാവാൻ പാടില്ലേതൊരു കാലത്തും.
അക്രമി ജപ്പാൻകൊള്ളക്കാരെ കൊത്തിനുറുക്കീടാൻ
ഖഡ്ഗവുമേന്തി നടക്കുന്നവരീയിന്ത്യൻയോദ്ധാക്കൾ
വെറികൊണ്ടോരരിവർഗ്ഗത്തെ പ്പൊരുതിപ്പായിക്കാൻ

അരിവാളേന്തും കർഷകജനതതിയഖിലം വന്നീടും
വഴിനവക്കേണ്ടിമണ്ണിൽക്കയറാൻ ജാപ്പുകുരങ്ങന്മാർ,
തൊഴിലാളികളും തൊഴിൽവട്ടത്തും തോക്കു ചുമന്നീടാൻ!

പൊരുതും വീര്യപരാക്രമമോടിമ്പ് ഭാരതവീരന്മാർ
ചൊരിയുംചോരത്തുള്ളികൾ തുരുതുരെ വിജയം സാധിപ്പാൻ !

അക്രമി ജപ്പാൻകൊള്ളക്കാരെ ചുട്ടുകരിച്ചീടാൻ
തോക്കുകൾ തോളിൽ വഹിച്ചുനടക്കും ഭാരതയോദ്ധാക്കൾ,
പുതുവർഷത്തിൻപൂർണ്ണിമയിലേതും പൂരിതസന്തോഷം,
കൊതികൊണ്ടാർത്തു കുതിച്ചുഗമിക്കുക പോർക്കളമെത്തീടാൻ !

# സമരസാഹിത്യവും കൈരളിയും

(എം. ഗോവിന്ദൻ.)

"വാളിന്നോ, അതോ തൂലികയ്ക്കാണോ കൂടുതൽ ശക്തി?" എന്ന പ്രശ്നത്തെപ്പററി വളരെയധികം വാദപ്രതിവാദങ്ങൾ ഉണ്ടായിട്ടുണ്ട്. ലോകം മുഴുവനുംതന്നെ യുദ്ധവ്യാപൃതമായിത്തീർന്നിട്ടുള്ള ഈ കാലഘട്ടത്തിൽ, ആയുധങ്ങളുടെ അധികാരശക്തിയും, സാദ്ധ്യതകളും നാൾതോറും വ്യക്തമായി വരുന്ന ഈ ദശാസന്ധിയിൽ, വാളിന്റെ ശക്തിയാണു വമ്പിച്ചതു എന്ന അഭിപ്രായക്കാർക്ക് അനുകൂലമായ ഒരു പശ്ചാത്തലം സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. വാളിന്റെ ശക്തി മനസ്സിലാക്കുന്നതിന്നു ആർക്കും അത്ര വിഷമമില്ല; അതു എളുപ്പത്തിൽ പ്രത്യക്ഷമായി കാണാവുന്ന ഒന്നത്രേ,—പ്രത്യേകിച്ചും ഒച്ചപ്പാടേറിയ ഈ സന്ദർഭത്തിൽ.

തൂലികയുടെ ശക്തിവൈഭവം ഏത്ര കണ്ടുണ്ടെന്നു തികച്ചും മനസ്സിലാക്കുന്നതിന്ന് ജനസാമാന്യത്തിന്ന് സാധിച്ചിട്ടില്ല. വിശിഷ്യ, ഭാരതീയ ജനങ്ങൾക്ക് അതറിയുന്നതിന്നുള്ള പ്രാപ്തി വളരെ കുറവാണു താനും. അവരിൽ ഭൂരിഭാഗവും അജ്ഞരും നിരക്ഷരകുക്ഷികളുമാണ്; പട്ടുകൂററൻ പക്ഷപാതങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും അബദ്ധാഭിപ്രായങ്ങൾക്കും അടിമപ്പെട്ടു കിടക്കുന്നവരുമാണ്. ഇത്രമേൽ നിരാശാജനകവും, വിഷമയലിപ്തവും വിഷമം പിടിച്ചതുമായ ഒരന്തരീക്ഷത്തിലാണ് നമ്മൾ ജീവിച്ചുവരുന്നതു് എന്ന യാഥാർത്ഥ്യത്തെ മനസ്സിൽ കരുതി വേണം നമ്മുടെ വിഷയത്തെക്കുറിച്ചുള്ള പര്യാലോചന നടത്തുവാൻ.

അപ്പോൾ എന്താണ് ഈ സമരസാഹിത്യമെന്നു വെച്ചാൽ? സമരത്തിന്ന് ഒരു സാഹിത്യമുണ്ടോ? സമരവും സാഹിത്യത്തിന്നും തമ്മിൽ വല്ല അടുപ്പവും ബന്ധവുമുണ്ടോ? പരിപാവനയായ സാഹിതീ ദേവിയെ യുദ്ധകളത്തിലേക്കു വലിച്ചിഴക്കുന്നതു് പാപവും കരുത്തക്കേടുണ്ടാക്കുന്ന ഒരു കൃത്യവുമല്ലേ? തോക്കിന്റെയും ടാങ്കിന്റെയും മുമ്പിൽ സാഹിത്യത്തിന്ന് ചെയ്യാൻ എന്തുണ്ട്?

ഈ ചോദ്യങ്ങളെല്ലാംതന്നെ ശ്രദ്ധേയങ്ങളാണ്; തന്മൂലം അവക്കു മറുപടി പറയേണ്ടതു് അത്യാവശ്യവുമാണ്. രണഭൂവിലെന്നല്ല എവിടെയും സാഹിത്യത്തിന്നു വിലയുണ്ട്. ആ സാഹിത്യം രണഭൂവിന്നുപററിയ സാഹിത്യമായിരിക്കണമെന്നു മാത്രം. ഈ യുദ്ധകാലത്തു്, സമരസാഹിത്യ ശാഖയിലുണ്ടായ അത്ഭുതപൂർവ്വമായ വളർച്ച അതിന്ന് സാക്ഷ്യം വഹിക്കുന്നു.

അല്ല, സാഹിത്യം എന്നുവെച്ചാലെന്താണ്? പുതിയ ഗതിവികാസങ്ങളും പുരോഗമനവും ഉണ്ടാവാൻ പാടില്ലാത്ത മുരടിച്ച ഒന്നായിക്കൊള്ളണമെന്നില്ലല്ലോ സാഹിത്യം. സമുദായത്തിന്റെ സംസ്കാരിക സ്വഭാവത്തെയും, മാനസികാഭ്യുന്നതിയെയും പ്രതിഫലിപ്പിക്കുന്ന ഒന്നായിരിക്കണം അതു് സമുദായത്തിന്റെയും സാഹിത്യത്തിന്റെയും വളർച്ചയുടെയും വികാസത്തിന്റെയും ചരിത്രം ശാസ്ത്രീയരീത്യാ പരിശോധിക്കുന്ന പക്ഷം അതു ബോദ്ധ്യമാകും. സാഹിത്യത്തിന്നു സമുദായവുമായി അടുത്ത ബന്ധമുണ്ട്; അഭേദ്യമായ അടുപ്പമുണ്ട്. കാരണം, സാഹിത്യത്തിന്റെ വികാസം സമുദായമദ്ധ്യത്തിലാണ്, ആകാശത്തിലും പാതാളത്തിലുമല്ല. സാഹിത്യത്തിന്റെ ബിജാവാപം ചെയ്യുന്നതു് സമുദായത്തിന്റെ പരിധിയിൽമാത്രം ജീവിച്ചുവരുന്ന വ്യക്തികളാലാണ്; അവർക്കും, എത്രയെല്ലാം നിഷേധിച്ചാലും നടിച്ചാലും, സാമുദായിക ബന്ധം അറുത്തുകളവാൻ സാദ്ധ്യമാവുകയില്ല. ഓരോ ദശയിലും സാമൂഹ്യസ്ഥിയുടെ വേലിയേററവും വേലിയിറക്കവുമനുസരിച്ചു സാഹിത്യത്തിനും സാഹിത്യകാരനും വ്യത്യാസമുണ്ടായിരിക്കാമെന്നുമാത്രം.

ഇന്ന് മനുഷ്യസമുദായത്തെ—സ്വാതന്ത്ര്യേച്ഛുക്കളും പുരോഗമനകാരികളുമായ ജന സഞ്ചയത്തെ, മുഴുവനും സ്പർശിക്കുന്നൊരു സംഭവമാണ് യുദ്ധം. അതിന്റെ അനന്തരഫലത്തെ ആശ്രയിച്ചാണ് നമ്മുടെ ഭാവി നിർണ്ണയിക്കപ്പെടുക. അത്രമേൽ അഗാധവും ദൂരവ്യാപകവുമായ അടിയൊഴുക്കുകളാണ് രണഭൂവിലെ പുകയ്ക്കും, തീകത്തിലിന്നും ചോട്ടിലുള്ളതു്. നമുക്കു ഇതിൽ നിന്നൊഴിഞ്ഞു നില്ക്കാൻ മേലാ. ഒന്നുകിൽ യുദ്ധം നമ്മെ നശിപ്പിക്കും; അല്ലെങ്കിൽ യുദ്ധത്തെ നാം നശിപ്പിക്കണം, ഈ ഒരു പാഠമാണ് ഇന്നത്തെ യുദ്ധം നമ്മെ പഠിപ്പിക്കുന്നതു്.

ഈ ചരിത്രപരമായ സംഭവവികാസത്തെ ഇന്നത്തെ സാഹിത്യകാരൻ എങ്ങിനെയാണ് വീക്ഷിക്കുന്നതു്? ആ വീക്ഷണഗതിയുടെ രേഖപ്പെടുത്തലായിരിക്കും സമരസാഹിത്യം. പുരോഗമനത്തിന്റെ ഭാഗത്തു വേണം സാഹിത്യകാരൻ നില്ക്കാൻ എന്നു സമുദായം ശാസിക്കുമ്പോൾ, അല്ലെങ്കിൽ സമുദായത്തിലെ ഭൂരിപക്ഷക്കാരായ ജനസാമാന്യം ആവശ്യപ്പെടുമ്പോൾ അതു് അയാളെ അവമാനിക്കലല്ല. പിന്നെയോ? ആയാളിൽ അവർ അർപ്പിച്ചിട്ടുള്ള വിശ്വാസത്തേയും, ബഹുമാനത്തേയും പരസ്യമായി പ്രകാശിപ്പിക്കുകയാണ്. ഈ ജനകീയ യുദ്ധത്തിൽ സാഹിത്യകാരന്മാർ പങ്കെടുക്കണമെന്നു പറയുന്നതിന്റെയും രഹസ്യം ഇതാണ്. സഖ്യശക്തികളുടെ ഭാഗത്താണ് സമുദായത്തിലെ ഭൂരിപക്ഷം അണിനിരന്നിട്ടുള്ളതു്. എതിർഭാഗമാകട്ടെ, സംസ്കാരം, സാഹിത്യം ഇവയുടെ ബദ്ധശത്രുക്കളുമാണ്. മററുള്ളവരുടെ ക്ഷേമത്തിന്നുവേണ്ടിയല്ലെങ്കിൽ, സ്വന്തനിലനില്പിന്നുവേണ്ടിയെങ്കിലും ഈ യുദ്ധത്തിൽ സാഹിത്യകാരന്മാർ ചേരുന്നതിന്നു നിർബ്ബന്ധിതരാണ്. ഒഴിഞ്ഞുനില്ക്കുന്നതു് ആത്മഹത്യാപരമായ ഒരു നയമാണ്; സമുദായദ്രോഹം മാത്രമാണ്. ഉണ്ട്, നമ്മുടെ നാട്ടിൽ നാം നിർമ്മിച്ച പല മിഥ്യാബോധങ്ങളും പഴഞ്ചൻ ആശയങ്ങളും നമ്മെ ഇതിൽനിന്നു വിരമിപ്പിക്കുന്നുണ്ട്. അവയെ വെറുക്കുക; അവ നമ്മുടെ ശത്രുക്കളാണ്. ആവേശകരമായ മുദ്രാവാക്യങ്ങളുടെയും അഴകേറിയ ആദർശവാദത്തിന്റെയും പിന്നിൽ രാജ്യദ്രോഹികളുടെയും ജനകീയ വിരോധികളുടെയും നിഴലുകൾ തിക്കിക്കൂടിയിട്ടുണ്ട്!

നോക്കൂ, ജനകീയ രാഷ്ട്രങ്ങളായ അമേരിക്ക, ബ്രിട്ടൻ, ചൈന, എന്നീ നാട്ടുകളിൽ പലരും യുദ്ധസേവനത്തിന്നിറങ്ങിയിട്ടുണ്ട്. അക്കൂട്ടത്തിൽ വിശ്വവിശ്രുതനായ ഐൻസ്റ്റിൻ, ഹാൾഡേയിൻ തുടങ്ങിയ ശാസ്ത്രകാരന്മാരും പല നോബൽ സമ്മാനം നേടിയ പ്രസിദ്ധകവികളും, സാഹിത്യകാരന്മാരും ഉണ്ട്. യൂറോപ്പിലെ "ഭൂഗർഭ"ത്തിലിരുന്ന് നാസികളെ അടിച്ചുപായിക്കുന്നതിന്നു തീവ്രപ്രയത്നങ്ങൾ ചെയ്തുവന്നിരുന്നതും, വരുന്നതുമായ ആ ഗൊറില്ലാസേനകളിലും അനവധി കവികളെയും, എഴുത്തുകാരെയും കാണാവുന്നതാണ്.

എന്നാൽ സാഹിത്യകാരനു യുദ്ധകാലത്തുള്ള സാദ്ധ്യതകൾ തികച്ചും പ്രത്യക്ഷപ്പെട്ടു കാണുന്നതു സോവിയററു യൂനിയനിലത്രേ. അലക്സി, ടോൾസ്റ്റോയ്, എഹ്റൻബർഗ്ഗ്, സീമണോവ് തുടങ്ങിയ പ്രഖ്യാത ഗ്രന്ഥകർത്താക്കന്മാരുടെ യുദ്ധസേവനം അത്ഭുതാവഹമാണ്. ബോമ്പുകളെക്കാളും, വിമാനങ്ങളെക്കാളും ശക്തിയുണ്ട് അവരുടെ സാഹിത്യത്തിന്ന്. ഹിററ്ലരുടെ ക്രൂററൻ ബോമ്പുകൾക്കും, നാസികളുടെ നിന്ദ്യവും നീചവുമായ നിഷ്ഠുരതകൾക്കും സോവിയററു ജനതയുടെ മനോധൈര്യത്തെ സ്പർശിക്കാൻ സാധിച്ചിട്ടില്ല. എന്നാൽ സോവിയററ് സാഹിത്യകാരന്മാരുടെ ഗാനങ്ങളും ആഹ്വാനങ്ങളും ആ ജനതാഹൃദയത്തിൽ ദേശാഭിമാനത്തിന്റെയും പ്രതികാരേച്ഛയുടേയും പ്രചണ്ഡ കല്ലോലങ്ങളെ ഉദ്ദീപിപ്പിക്കുന്നതിന്നു തികച്ചും പ്രാപ്തമായിവന്നു.

നമ്മിൽ പലർക്കും യുദ്ധസാഹിത്യം എന്നു പറയുമ്പോൾ ഒരു പുച്ഛമാണ്. ഓ! സാഹിത്യകാരന്മാർ പട്ടാളത്തിൽ ചേരണമെന്നാണോ നിങ്ങൾ പറയുന്നതു? എന്നാണ് ചിലരിൽ ഉണ്ടാവുന്ന പ്രത്യാഘാതം. യുദ്ധം നമ്മെ സംബന്ധിച്ചതല്ലെന്നുള്ള വിശ്വാസവും വിചാരിച്ചു ഇപ്പോഴും അകന്നു ഒരു "ത്രിശങ്കു സ്വർഗ്ഗത്തിൽ" ജീവിച്ചുവരുന്ന എഴുത്തുകാരും കവികളും കേരളക്കരയിൽ ദുർല്ലഭമല്ല. അവരുടെ "ഓമനക്കുട്ടന്മാർക്കു" ബോമ്പിനെപ്പററി പേടിയില്ല; അല്ല, അങ്ങിനെ ഒന്നുണ്ടെന്നറിഞ്ഞുകൂടാ; അവരിപ്പോഴും പടക്കം പൊട്ടിച്ചുകൊണ്ടും, പൂത്തിരി കത്തിച്ചും കൊണ്ടും സാഹിത്യ വീഥിയിൽ സൈ്വരമായി കളിച്ചുവരുന്നു! "ഓമനകളാകട്ടെ, ഈ തുണപ്പഞ്ഞമുള്ള കാലത്തും "തളിരൊളി തിരളുമൊരുലസിതലളിതമാന്തളിസ്സാരിയാലാച്ഛാദിതാംഗിയായി" കുണുങ്ങിക്കുണുങ്ങി നടക്കുന്നു. ഒരൊററയുവകയുടെ ഓമനയ്ക്കും, കവയിത്രികളുടെ "ഗുണമേറും ഭർത്താവു" കൾക്കും, കോളറ പിടിച്ചിട്ടില്ല; പട്ടിണി ബാധിച്ചിട്ടില്ല. ഇടവമാസത്തിലെ കൂണുകൾപോലെ അവ മുളച്ചുപൊന്തുന്നു. ഒരു രസകരമായ ലോകം! യുദ്ധമാണെങ്കിലെന്താണ്? കവിയ്ക്കുണ്ടോ ഇതിലൊക്കെ ബന്ധം? ഭൂവിന്റെയും സ്വർഗ്ഗത്തിന്റെയും മദ്ധ്യത്തിലിരുന്നു മനുഷ്യർക്കു ഉപദേശം നൽകുന്ന ബൃഹസ്പതികളല്ലെ അവർ? അങ്ങിനെയുള്ള നാറിയതും, യുക്തിയുക്തമല്ലാത്തതുമായ ചില അഭിപ്രായങ്ങളെ വിഴുങ്ങി അജീർണ്ണം പിടിച്ചു ആഭാസങ്ങൾ ഛർദ്ദിക്കുന്ന ഒരു വലിയ സംഘം സാഹിത്യകാരന്മാർ നമ്മുടെ നാട്ടിലുള്ളതു സമുദായത്തിന്റെ ആരോഗ്യത്തിന്നു ഹാനികരംതന്നെയാണ്. ആരോടും ഉത്തരവാദിത്വമില്ലെന്നു നടിക്കുന്ന ഒരു കൂട്ടർ; അതേ സമയത്തു എല്ലാവരും തങ്ങളെ വന്ദിക്കണമെന്നു വാദിക്കുന്ന വാചാലന്മാരും!

മററു പലർക്കും അവരുടെ സ്വന്തമായ ചില വത്തുളങ്ങളുണ്ട്. അവയിൽനിന്നു പുറത്തു ചാടാൻ യാതൊരു നിവൃത്തിയുമില്ല. അവർ ഒരു യാന്ത്രി

കമായ നിലനില്പുള്ളവരാണ്; അവരുടെ ആദർശങ്ങളും ആശയങ്ങളും യാന്ത്രികങ്ങളാണ്. പിന്നിൽനിന്നുള്ള ഞെക്കൽകൊണ്ടു വായ്പൊളിച്ചു പാടുന്നവരാണിതിൽപ്പലരും. നിങ്ങൾ അതിനെ ദേശാഭിമാനമെന്നോ, സ്വാതന്ത്ര്യേച്ഛയെന്നോ എന്തു പറഞ്ഞാലും ആ രീതി വളരെ കൊള്ളരുതാത്തതാണെന്നു പറയാതിരിക്കാൻ വയ്യ. മുളകളും പാടാറുണ്ടു്, പക്ഷെ അതു് കവിതയല്ല. നായ്ക്കൾ കുരക്കാറുണ്ടു; അതു ഒരു ഉജ്ജ്വലപ്രസംഗമാണെന്നു് ഒരു പത്രവും റിപ്പോർട്ടു് ചെയ്യുന്നില്ല!

എന്നാൽ കേരളക്കരയിൽ ദുർല്ലഭമായി സമരസാഹിത്യമുണ്ടായിട്ടുണ്ടു്. നമ്മുടെ ഇടയിലും സമരകവികളും സമരസാഹിത്യകാരന്മാരും ഉണ്ടു്. നമ്മുടെ നാട്ടിൻപുറങ്ങളിലും, നഗരങ്ങളിലും അലയടിക്കുന്ന ആ ജാപ്പ് വിരോധഗീതങ്ങൾക്കും, കരിഞ്ചന്തൽക്കെതിരായ നാടകങ്ങൾക്കും, ഓട്ടൻതുള്ളലുകൾക്കും പിന്നിലുള്ള തൂലികത്തുമ്പുകളെ മറന്നുകൂടാ. പക്ഷെ, അവയൊക്കെ ഒരാവരണമായിട്ടേ പ്രത്യക്ഷപ്പെടുന്നുള്ളു. തന്മൂലം വേണ്ടത്ര ഉശിരില്ലാതെ വെറുങ്ങലിച്ചതും, കക്ഷിപരവുമായി മാറുന്നുവെന്നതാണ് പരിതാപകരമായ പരമാർത്ഥം.

ഒററ വാക്കിൽപ്പറഞ്ഞാൽ, സമരസാഹിത്യവിഭാഗം മലയാള സാഹിത്യത്തിൽ എത്ര ശക്തിമത്താണെന്നു് ചോദിച്ചാൽ നിങ്ങൾക്കൊന്നും പറയാനില്ല. നിശ്ശബ്ദമായി, സഞ്ചിയിൽനിന്നു എഹ്റൻബർഗ്ഗിൻേറയും, ടോൾസ്റ്റോയിയുടേയും, ലിൻ യു ടാങ്ങിൻേറയും മററു വിദേശസാഹിത്യകാരന്മാരെഴുതിയതുമായ ലേഖനങ്ങളുടേയും കവിതകളുടേയും, മന്ദൻപരിഭാഷകൾ അച്ചടിച്ച പത്രച്ചുരുളുകളേ നിങ്ങൾക്കു കൊടുപ്പാനുണ്ടാവുകയുള്ളു. വേണമെങ്കിൽ മി. വിൽക്കിയുടെ ഏകലോകവും. നമ്മുടെ നാട്ടിൽനിന്നു പോർമുന്നണിയിൽ പോയവരുടെ സംഖ്യയെത്രയാണ്? അവരോടു, നമ്മുടെ നാടിനേയും വീടിനേയും രക്ഷിക്കാൻ പൊരുതി ജീവരക്തം ചിന്തുന്ന അവരോടു, മലയാളസാഹിത്യത്തിനുള്ള കടമ വെറും അവജ്ഞയും, അവനിന്ദയുമാണെന്നല്ലേ ഇതിൽനിന്നു തെളിയുന്നതു്? ചിലർ ചിലപ്പോഴൊക്കെ എഴുതുന്നുണ്ടു്. പക്ഷെ അതു സാഹിത്യപരമായ ഒരു “കഞ്ഞിപകച്ച്” മാത്രമാണെന്നു വേണം കരുതുവാൻ. അവയുടെ പിന്നിൽ അതിൽക്കവിഞ്ഞു ഒരു കണികപോലും ആത്മാർത്ഥതയില്ല.

“ഈ യുദ്ധത്തിൽ ഞങ്ങൾക്കെന്താണു് പങ്കു്?” എന്ന ഒരു പട്ടക്കുററൻ ചോദ്യവും ചോദിച്ചു് പ്രസംഗിച്ചുകൊണ്ടു നടക്കുന്നവരുണ്ടു്. അവരേയും കവികളായും, ധിഷണശാലികളായും, ആരാധിച്ചു പൂമാല ചാർത്തിക്കേണ്ട ഒരു സ്ഥിതി ഇന്നു! കൈരളിക്കുണ്ടു്! അല്ലാ, ശ്രീമാന്മാരേ, നിങ്ങൾ രാമരാവണയുദ്ധത്തെപ്പററി ഇപ്പോഴും, എഴുതിത്തള്ളാറുണ്ടല്ലോ; ദേവലോകത്തെ ആയിരമായിരം പോരുകളെപ്പററിയുള്ള പുസ്തകങ്ങൾ മുദ്രാലയങ്ങളിൽനിന്നു മുറുക്കിത്തുപ്പൽപോലെ ഉതിരാറുണ്ടല്ലോ. ഈ യുദ്ധങ്ങളിൽ നിങ്ങൾക്കു പങ്കുണ്ടായിരുന്നുവോ? ജനകീയയുദ്ധം എന്ന ശൈലിയെപ്പോലെ അതു “കവികളുടെ യുദ്ധ”ങ്ങളായിരുന്നുവോ? അല്ലാ, നിങ്ങളുടെ യുദ്ധം എന്നു വെച്ചാലെന്താണു്? ഈ ജനകീയ യുദ്ധത്തിൽ നിങ്ങൾ അടങ്ങുന്നില്ലേ? “സാഹിത്യകാരൻെറ യുദ്ധം” എന്നുവെച്ചാൽ ഒരു പക്ഷെ നിങ്ങളുടെ വിവക്ഷപ്രകാരം, ഇക്കാലത്തെ വാരികകളിൽ പ്രസിദ്ധം ചെയ്യുവരാറുള്ള അസഭ്യമായ അധിക്ഷേപങ്ങളും ആക്ഷേപങ്ങളും, അവയ്ക്കുള്ള പ്രത്യുത്തരങ്ങളും, പ്രത്യാഘാതങ്ങളും, മറെറാലികളുമായിരിക്കാം! മാനസികമായ ഒരു വിഷവായുപ്രയോഗം. നോക്കു, രാമരാവണയുദ്ധത്തിലെ ഒരു ജനറലായ ഹനുമാൻ ലങ്ക ചാടിക്കടന്നപ്പോൾ, അദ്ദേഹത്തിൻെറ താടിമീശമേൽ കടന്നൽ കടന്നതിനെപ്പററി, ആ കുടുംബത്തിൻെറ കൂട്ടുകാരെപ്പററി ഇന്നു ഗദ്യകവിതകളും, പദ്യനാടകങ്ങളും എഴുതുന്നവരുണ്ടു്; രണ്ടായിരം കൊല്ലങ്ങൾക്കു മുമ്പു ജീവിച്ച മഗ്ദലയെപ്പററി “ലളലളവള” മായി വീണ്ടും ഇരുകാലികളെ സൃഷ്ടിക്കുന്നവരുണ്ടു്. പക്ഷെ, നമ്മുടെ അയൽ വീട്ടുകാരൻ ഗോപാലൻ നായർ ബർമ്മാരംഗത്തിൽ ചെയ്ത ധീരകൃത്യത്തെപ്പററിയൊരു വരിപോലും അവർക്കു് എഴുതാൻ വയ്യ; സൈനിക കേന്ദ്രങ്ങളിലും മററും ജീവത്യാഗം ചെയ്യുന്ന ആ രക്തസാക്ഷികളെപ്പററിപ്പറയുമ്പോൾ, അതു് ദേശീയബോധത്തിന്നെതിരാവുന്നുവത്രെ. കുരങ്ങന്മാരെപ്പററിയും കുതിരകളെപ്പററിയും എന്തും എഴുതാം. “പണ്ടൊരു രജകൻെറ വസ്ത്രഭാണ്ഡവും പേറിക്കൊണ്ടുള്ള കഴുത” യെപ്പററി ഒരു നൂറു ഭാഗമുള്ള നാടകം എഴുതാൻ മടിക്കാത്തവരുണ്ടു് ഇന്നും നമ്മുടെ നാട്ടിൽ.

സമര സാഹിത്യം എന്നു വെച്ചാൽ വെറുതെ പട്ടാളക്കാരെ സ്തുതിച്ചുള്ള കീർത്തനങ്ങളോ പത്രങ്ങളോ അല്ല. ഇടുങ്ങിയ ആ നിർവ്വചനങ്ങളേക്കാളെല്ലാംതന്നെ വിപുലമായ ഒരു നിർവ്വചനമാണു് അതിനുള്ളതു്. സമരദശയിലൂടെ കടന്നുപോവുന്ന സമുദായത്തിൻെറ ചരിത്രമാണതു്; അക്കാലത്തെ ജനങ്ങളുടെ ആശയാഭിലാഷങ്ങളേയും ജീവിതരീതിയേയും, മാത്രമല്ല അവരുടെ അന്തർപ്രചോദനങ്ങളേയും പ്രതിഫലിപ്പിക്കുന്ന കണ്ണാടിയാണു് സമരസാഹിത്യം. നമ്മെ ഈ വക ഭാവഭേദങ്ങളും വ്യത്യാസങ്ങളും സ്പർശിച്ചിട്ടില്ലെങ്കിൽ അതു് അഭിമാനാർഹമായ ഒരു നിലയല്ല; നാം പുരോഗമനത്തെ നോക്കിക്കാണുന്നതിന്നുകൂടി കഴിവററവരാണെന്നുള്ളതിന്നു ഒരു തെളിവുമാത്രമായിരിക്കും ആ മനോഭാവം.

ഈ വൈകിയ സമയത്തെങ്കിലും, നമ്മുടെ സാഹിത്യകാരന്മാരും പത്രങ്ങളും മേൽപ്പറഞ്ഞ സംഗതികളിൽ ശ്രദ്ധിക്കുമോ? നമ്മുടെ പത്രങ്ങളുടെ ഇന്നത്തെ നില പരിതാപകരമത്രേ. ഇന്നും 1933 ൽ നിന്നു് അവ പുരോഗമിച്ചിട്ടില്ല. ആ പഴയ കവിതാരീതി, ചെറുകഥകൾ, ഗാനങ്ങൾ,—ആവർത്തനങ്ങളും വിവർത്തനങ്ങളും, ആരാധനകളും, സ്തുതിഗീതങ്ങളും, തങ്ങളുടെ ദൈവങ്ങളെ—അവർ രാഷ്ട്രീയ മണ്ഡലത്തിലും സ്വർഗ്ഗത്തിലുമായി പലരുമുണ്ടു്!—പററിയുള്ള സ്തോത്രങ്ങൾ,—ഇങ്ങിനെ മനംപുരട്ടിക്കുന്ന ഒരു നിലയിൽ നമ്മുടെ കൈരളി ഇന്നു ജീവിക്കുന്നു. നമ്മുടെ പണ്ഡിതവരേണ്യന്മാർ ഇന്നു തൂലിക മഷിയിൽ മുക്കുന്നതു് പലപ്പോഴും അന്യോന്യം മുഖത്തു കരിവാരിത്തേക്കാനാണു്.

## ഇന്നത്തെ പാട്ട്

(കെ. ജി. സേതുനാഥ്)

(പാന)

നാളെ രാവിലെ നമ്മുടെ നാടൊരു
നാകശാന്തിതൻ മുന്തിരിത്തോട്ടമാം.
ഇങ്ങൊഴുകിടും നാളെ, യൊരോമന-
മംഗളക്കുളിർ മഞ്ജു മന്ദാകിനി;
സൌരഭോജ്ജ്വലം നാളെ വിരിഞ്ഞിടും;
സൌഹൃദത്തിൻെറ വെൺകളിപ്പൂവുകൾ,
സാമഗാനവും പാടിയൊരായിരം
പ്രേമഗായകർ നാളെയിങ്ങെത്തിടും.
ഇന്നുനാം പടവെട്ടണം, വെട്ടണം
മുന്നിലിക്കൊട്ടും രാ, പ്പിശാചുക്കളെ!
ചാരിതാർത്ഥ്യത കൊള്ളണം, നാളെയാ-
ച്ചാരു ചന്ദ്രികച്ചാർത്തിൽ ധരാതലം.
മഞ്ഞുവീഴട്ടെ, വീഴട്ടേ, മുന്നിലേ-
ക്കാഞ്ഞു കേറുവിൻ, കേറുവിൻ തോഴരെ!
മത്തടിച്ചു മധുരക്കിനാവുകൾ
മത്സരിക്കട്ടെ, മുന്നോട്ടു നീങ്ങുവിൻ.
ബോംബു പൊട്ടുകിൽ, പൊട്ടട്ടെ കണ്ണു, മുൾ-
ക്കാമ്പു, ലയാതെ പോകുവിൻ പോരിനായ്.
നാളെ, രാവിലെ നമ്മുടെ നാടൊരു
നാകശാന്തിതൻ മുന്തിരിത്തോട്ടമാം.
വിപ്ലവങ്ങളിലല്പവും മാനസം
വിഭ്രമിക്കാതെ വിക്രമപൂർവ്വകം.
ഉദ്ധതോജ്ജ്വല മുഷ്ടിയിലായിര-
മുത്തമാംഗകം വീഴണമിക്ഷണം.
അസ്ഥിമാലകൾ ചാർത്തിടാതില്ലിനി-
സ്വസ്തി, ലോകത്തിലെത്തുന്ന വാസരം
രക്തരശ്മിയിൽ മുങ്ങിടാതില്ലിനി-
സ്വസ്ഥതയ്ക്കൊരു സ്വർഗ്ഗീയ താണ്ഡവം!
മഞ്ഞുവീഴകിൽ വീഴട്ടെ, മുന്നിലേ-
ക്കാഞ്ഞുകേറുവിൻ കേറുവിൻ തോഴരെ!
ത്യാഗശീലരി നാം, വിജയസ്മിത
ഭാഗധേയപരിണതി കാണുവോർ,
സ്വാർത്ഥചിന്തകൾ തള്ളിനീക്കിസ്സ്വയം
കീർത്തികൊണ്ടൊരു കോട്ടകെട്ടീടുവോർ,
കർമ്മയോഗിമാർ, നാം, മന്ദവാസരം
‘കാക്കി’ യിട്ടു കളരി പയറുവോർ,
തോളുരുമ്മിത്തുടിക്കും കരളുമായ്
തോക്കെടുത്തവർ തോൽവികാണാത്തവർ
നമ്മൾ, നമ്മുടെ ചോരയൊഴുക്കിയി
ജ്ജന്മഭൂമിയെ പോററു മെന്നാകിലോ,
നാളെരാവില നമ്മുടെ നാടൊരു
നാകശാന്തിതൻ മുന്തിരിത്തോട്ടമാം.
പൃക്ഷ്യ ഭൂതിയിൽ പൊന്നലചിന്നിടും
‘റക്ഷ്യ’ നാളെപ്പുലരിപ്പുതുമയിൽ;
തപിട്ടിയലുമാ, റംബര വീഥിയിൽ
ബ്രിട്ടനുള്ള ജയക്കൊടി മിന്നിടും;
ഹിററ്ലർ നാളെ യിരുമ്പഴിക്കൂട്ടില
‘ഹിംല’ രൊത്തു വിധിയെപ്പഴിച്ചിടും,
ആജിയിങ്കലഭയമർത്ഥിക്കുവാൻ
‘ടോജോ’ വെത്തിടും വേപഥു പൂണ്ടിടും,
ഇന്നു് നാം പടവെട്ടണം, വെട്ടണം
മുന്നിലിക്കൊട്ടും രാപ്പിശാചുക്കളെ
മഞ്ഞുവീഴകിൽ വീഴട്ടെ, നാളെയി-
മണ്ണിനുന്നത ഭാഗ്യം വരില്ലയോ?. !!. !!

ഇങ്ങിനെ വളരെയധികം ലക്ഷ്യങ്ങൾ നമ്മിലുണ്ട്. അവ ചൂണ്ടിക്കാണിച്ചതുകൊണ്ടു മാത്രമായില്ല, കൊട്ടിഘോഷിച്ചു നടന്നാലും പോരാ. ഈ വിഷമദശയിൽനിന്നു നാം രക്ഷപ്പെടണം. കേരളത്തിന്നു ധിഷണയുണ്ട്, ധീരതയുണ്ട്, സാഹിത്യകൌതുകമുണ്ട്. പക്ഷെ, പ്രവൎത്തനൌത്സുക്യം പോരാ. സമര സാഹിത്യശാഖയെ സംബന്ധിച്ചു നമ്മുടെ സാഹിത്യ പ്രണയികൾ എന്തെങ്കിലും ചെയ്യാത്തപക്ഷം, അതിന്നു അതർഹിക്കുന്ന പ്രോത്സാഹനം നൽകാത്തപക്ഷം, വലിയൊരു അപരാധമായിരിക്കും അതു്.

## അമ്മയുടെ ആശംസ


(പരയങ്ങാട്ട് കുഞ്ഞിരാമൻ, കണ്ണൂർ.)

മാതൃപാദത്തെത്തൊട്ടു നമിച്ചു ഭക്തിപൂൎവ്വം
മാതൃ രാജ്യത്തിൻ രക്ഷാതല്പരനരച്ചേവം,-
"പോകുന്നു ഞാനെന്നമ്മേ! ഭടനാ, യെന്നെച്ചൊല്ലി
ച്ചുകുവാനവകാശമില്ലാത്ത ശോകാവേശം.
ഭാരത മസ്സാമ്രാജ്യം ചുടുകാടാക്കാൻ ശത്രു-
പോരിന്നായ് വന്നിടുമ്പോളടങ്ങി വാഴാൻമേലാ.
ജീവിതമെന്തിന്നിങ്ങു ജീവനുമെന്തിന്നെൻറ
ഭൂവിനായൎപ്പിച്ചീടാം സൎവ്വത്ര സൎവ്വസ്വവും
ആജ്ഞ തന്നാലും പോരിൽ പോയി ഞാൻ വിജയിക്കും
അജ്ഞരാമവരെ ഞാനാകവേ പഠിപ്പിക്കും!
കാററിലപ്പൊടിയാക്കി ശത്രുസൈന്യത്തെ ത്താററി-
പ്പാററിടും; അംബയ്ക്കെൻറ വീരത കാണാറാകും"

മാതാവുതന്നോമനപ്പുത്രൻറ വാക്യം കേട്ടു
വീതാതിതാപം ചൊന്നാളാശങ്കാവിഹീനയായ്
"പോക പൊന്മകനേ! നീ വൈകാതെയിന്ന് ഭാരത-
ദേശമാണെനിക്കിങ്ങു നിന്നിലും പ്രിയം കുഞ്ഞേ!
എത്രപുത്രന്മാർ രണഭൂവിൽ വീണടിഞ്ഞാലു-
മെപ്പൊഴും ഞാനാശിപ്പൂ; മാതൃഭൂരക്ഷ മാത്രം!
മോഹന ഹരിതമാം കേരവൃക്ഷങ്ങൾ നിന്നി-
ലാഹന്ത പൊഴിക്കുന്ന ഭാവുകാശംസാലക്ഷം
അങ്ങതാ ഹിമാലയം തൻപൂകൾ ശിരസ്സാലെ
മംഗളം നിന്നിൽ ചേൎപ്പൂ ഭാവുകം ഭവിക്കുവാൻ
പോക പൊന്മകനേ! നീയരികൾ കറങ്ങട്ടെ-
യാകവേ നുറുങ്ങട്ടെ; നിന്നെ ഞാനാശംസിപ്പൂ!"



ഇന്ത്യയുടെ ഹൈക്കമീഷണറായ സർ സാമുവൽ രംഗനാഥൻ ഇററലിയൻ യുദ്ധരംഗം സന്ദർശിച്ചപ്പോൾ



ഇന്ത്യൻ കടൽക്കരകളെ കാത്തുരക്ഷിക്കുന്ന 'കൊച്ചു' കപ്പലുകൾ

ഏകാങ്കനാടകം

# "നേഴ്സ്"

(എൽ. ഭവാനി കുഞ്ഞമ്മ, മാവേലിക്കര.)

## രംഗം I

(ബർമ്മയിൽ ഒരു മിലിട്ടറി ക്യാമ്പിന്നടുത്തുള്ള മലമ്പ്രദേശ —സമയം സായാഹ്നം.)

ഭടൻ : സോദരീ! ഞാനൊരു ഭടനാണ്. 14-ാം പടയിലെ കേവലം ഒരു ജമെദാർമാത്രം.

നേഴ്സ് : മി. വസന്തം! അങ്ങു സംസാരിക്കുന്നതു കേട്ടാൽ ഒരു ഭടൻെറ സ്ഥാനം ഏററവും അനാദരണീയമാണെന്നു തോന്നിപ്പോകുന്നു. അതെന്തെങ്കിലുമാകട്ടെ, ഞാനും ഒരു ആഫീസറല്ല. ഒരു നേഴ്സിൻേറതിനേക്കാൾ ഒരു ജമെദാരുടെ സ്ഥാനം ഉയർന്നതുതന്നെ. (ആവേശത്തോടെ) ഞാൻ അങ്ങയെ സ്നേഹിക്കുന്നു. അല്ല, അങ്ങിൽ എനിക്കു പ്രണയമുണ്ട്.

വസന്തം : ഭവതിയെ ആത്മനിർവ്വിശേഷമായി സ്നേഹിക്കുന്നതിന്നുള്ള ഒരു ഹൃദയം എനിക്കുമുണ്ട്. എന്നാൽ അതു പ്രേമമോ, പ്രണയമോ ആയിട്ടില്ല. കേവലം സഹോദരസ്നേഹം.

നേഴ്സ് : അങ്ങിനെയെങ്കിലും ഒരു വികാരം അങ്ങേയ്ക്കുവല്ലിലുണ്ടെങ്കിൽ എനിക്കാശ്വാസമുണ്ട്. ആ വികാരത്തെ പ്രണയമായി രൂപാന്തരപ്പെടുത്തുവാൻ എളുപ്പമാണ്.

വസന്തം : അല്ലെന്നു ഞാൻ വാദിക്കുന്നില്ല. എന്നാൽ നാം ഇന്നു സ്വതന്ത്രരല്ല : നമ്മുടെ ലക്ഷ്യവും അതല്ലാ. ഞാൻ ആത്മാർത്ഥമായി വ്യസനിക്കുന്നു

നേഴ്സ് : മി. വസന്തം! നാം സ്വതന്ത്രരല്ല. പട്ടാളസേവനത്തിലായിരിക്കുന്നേടത്തോളം നാം സ്വതന്ത്രരല്ലെന്നെനിക്കറിയാം. എന്നാൽ വിവാഹത്തെ സൈനികനിയമങ്ങൾ എതിർക്കുന്നില്ല. വിവാഹം എപ്പോൾ വേണമെങ്കിലും നടത്തുവാൻ ഭടന്മാർക്ക് അനുവാദമുണ്ട്. അങ്ങയുടെ സ്നേഹത്തെ പ്രണയമായി രൂപാന്തരപ്പെടുത്തുമെങ്കിൽ നമുക്കു നമ്മുടെ ജീവിതത്തെ, ഒരു പ്രണയസുവർണ്ണതന്തുവിൽ കോർത്തിണക്കാം.

വസന്തം (ആലോചിച്ചുമേൽ) : യുദ്ധത്തിൽ മുറിവേല്ക്കുന്നവരെയും രോഗബാധിതരെയും ശുശ്രൂഷിക്കേണ്ട ചുമതലയേറിയ കൃത്യം നിങ്ങൾക്കുണ്ട്. എനിക്കാണെങ്കിൽ, ഇന്നലെത്തെപ്പോലെയുള്ള ഒട്ടധികം ഭയങ്കരരംഗങ്ങളെ ഇനിയും അഭിമുഖീകരിക്കേണ്ടതായും വരും. ഈ ചുമതലകൾക്കിടയിലുള്ള നമ്മുടെ പ്രണയം, നമ്മുടെ കർത്തവ്യങ്ങളിൽ നമ്മെ നിരുന്മേഷരാക്കാം.

നേഴ്സ് : അങ്ങിനെയൊരു സംശയത്തിന്നാവശ്യമില്ല. അങ്ങയെ അങ്ങറിയാതെതന്നെ ഒരു പ്രണയലക്ഷ്യമായി വളരെ മുമ്പുതന്നെ ഇവൾ കരുതിയിരിക്കുന്നു. നമ്മുടെ കമ്പനികൾ ഒരുമിച്ചു ചേർന്ന ദിവസം ഞാൻ അങ്ങയെ ആദ്യമായി കണ്ടു. അന്നാണ് ഈ പ്രണയബീജം മുളയിട്ടതു്. ഇതിനിടയിൽ എൻെറ ഡ്യൂട്ടിയിൽ ഒരു വിഘ്നവും ഉണ്ടായിട്ടില്ല. എൻെറ ആഗ്രഹം സാഫല്യകോടിയിൽ എത്തുമോ എന്നുള്ള ആശങ്ക എന്നെ അല്പം നിരുന്മേഷയാക്കിയിട്ടുണ്ട്. എന്നാൽ അവിടുത്തെ സഹധർമ്മിണിയാകുവാനുള്ള ഭാഗ്യം ഇവൾക്കുണ്ടെന്നു ബോദ്ധ്യമായാൽ എനിക്ക് ഇന്നത്തേതിലുമധികം ഭംഗിയായി എൻെറ കൃത്യം നിർവ്വഹിക്കുവാനുള്ള കഴിവുണ്ടാകും.

വസന്തം : എന്നെപ്പോലെയുള്ള ഒരു ഭടനുമായി—വിശേഷിച്ചു് യുദ്ധരംഗത്തുവെച്ചു്—ഇതിൻെറ ഫലം ചിലപ്പോൾ വൈധവ്യമാണെങ്കിൽ—കഷ്ടം! ഭവതി സുമുഖിയാണ്—യുവതിയാണ്. വേണ്ടവിധത്തിൽ ആലോചിക്കുക.

നേഴ്സ് : ഞാൻ ആലോചിച്ചുകഴിഞ്ഞു. അങ്ങു സംശയിക്കുന്ന രീതിയിലാണ് എൻെറ വിധിയെങ്കിൽ, ഒരു വീരഭടൻെറ ഭാര്യയായിരിക്കുവാൻ ഭാഗ്യമുണ്ടായതിനെയോർത്തു് എൻെറ ജീവിതകാലം മുഴുവൻ ഞാൻ കൃതാർത്ഥയായിരിക്കും.

വസന്തം : ഓമനേ—(അവർ തമ്മിൽ ഗാഢമായ ഒരാലിംഗനം ചെയ്യുന്നു ക്യാപ്ടൻ പ്രവേശിക്കുന്നു. വസന്തവും നേഴ്സും ഭയവിഹ്വലരായി ക്യാപ്ടനെ വന്ദിക്കുന്നു.)

ക്യാപ്ടൻ : ജമെദാർ! നിങ്ങൾ ഇരുവരും ശിക്ഷാർഹരാണ്. ഇതു ബർമ്മായുദ്ധരംഗമാണ്. നിങ്ങൾക്കു പ്രണയത്തിനുള്ള രംഗമല്ല. ശത്രുക്കൾ വളരെയടുത്തുതന്നെയുണ്ട്. താമസിയാതെ അവരുമായി എതിരിടേണ്ടതായുമുണ്ട്. ഈ സന്ദർഭത്തിൽ ഇപ്രകാരമൊരു പ്രണയനാടകത്തിന്നു നിങ്ങൾ കച്ചകെട്ടുമെന്ന് ഞാൻ വിചാരിച്ചില്ല. ഇതു അക്ഷന്തവ്യമാണ്. കഷ്ടം! നിങ്ങൾ യോദ്ധാവാണ്.

വസന്തം : സർ, ഞാൻ ഒരു യോദ്ധാവാണെന്നു വിസ്മരിച്ചിട്ടില്ലാ.

ക്യാപ്ടൻ : നേഴ്സ്, ഇന്നു നിങ്ങൾക്കു രാത്രി ഡ്യൂട്ടിയുണ്ട്, ഇല്ലേ? പകൽ ഡ്യൂട്ടി കഴിഞ്ഞയുടൻ നിങ്ങൾ വസന്തത്തിൻെറ പിന്നാലെ ഇറങ്ങിത്തിരിച്ചു. നിങ്ങൾ ജാഗ്രതയായി രോഗികളെ ശുശ്രൂഷിക്കുന്നതു് കണ്ടിട്ടുള്ളപ്പോഴൊക്കെയും, ഒരു യുദ്ധരംഗത്ത്—തോൽവിയും, മരണവും, സങ്കടവും, ദീനരോദനങ്ങളും മാറിമാറിച്ചാർത്തു ചേർക്കുന്ന ഒരന്തരീക്ഷത്തിൽ—നിങ്ങളെ ഇപ്രകാരമുള്ള ഒരു നിലയിൽ കാണുമെന്നു ഞാൻ കരുതിയില്ലായിരുന്നു.

നേഴ്സ് : സർ, ഞങ്ങൾ തമ്മിലുള്ള പ്രണയം ഞങ്ങളെ ഉന്മേഷചിത്തരാക്കുന്നുണ്ട്. ഇന്നുവരെ ദിവസം ഇരുപതു ഭടന്മാരെ ശുശ്രൂഷിക്കുവാൻ എനിക്കു കഴിവുണ്ടായിരുന്നുവെങ്കിൽ ഇപ്പോൾ മുതൽ നാല്പതു ഭടന്മാരെ ശുശ്രൂഷിക്കുവാൻ തക്കവണ്ണം എൻെറ ഹൃദയത്തിന്നു ഉന്മേഷം ഉണ്ടായിട്ടുണ്ട്. അങ്ങ് ഇവളെ തെററിദ്ധരിക്കാതിരിക്കണം.

ക്യാപ്ടൻ : ശരി, നിങ്ങൾ ഡ്യൂട്ടിക്കു ക്യാമ്പിൽ ഉണ്ടായിരിക്കണം, ഞാൻ പോകുന്നു. (വന്ദനം ചെയ്തു പോകുന്നു)

നേഴ്സ് : ജീവേശാ! എൻെറ ആഗ്രഹം സഫലമായി. ഞാൻ കൃതാർത്ഥയായി

വസന്തം : ഓമനേ! നമുക്കു ക്യാമ്പിലേക്കു പോകാം. (ഇരുവരും പോകുന്നു) (കർട്ടൻ)

## രംഗം II

(ഒന്നാം രംഗത്തിനുശേഷം രണ്ടു ദിവസം കഴിഞ്ഞു. രാത്രി 7 മണി. പതിന്നാലാം പടയുൾപ്പടെയുള്ള ഇന്ത്യൻ സൈന്യത്തിൻെറ ക്യാമ്പ്. ഭടന്മാർ പുൽത്തറയിൽ നിരയായി ഇരിക്കുന്നു. ക്യാപ്ടൻ പ്രവേശിക്കുന്നു.)

ക്യാപ്ടൻ (സന്തോഷത്തോടുകൂടി തൻെറ ഭടന്മാരെ വീക്ഷിച്ചു്) : എൻെറ പ്രിയപ്പെട്ട ഭടന്മാരെ! നാം ഇന്ന് പ്രശംസാർഹമായ ഒരു കൃത്യം നിർവ്വഹിച്ചു. ഭാരതീയരായ നിങ്ങളുടെ രണപാടവം ഇന്നു ഞാൻ നേരിൽ കണ്ടു. യഥാർത്ഥ ദേശാഭിമാനികളും വീര്യസന്താനങ്ങളുമാണ് ഭാരതീയ ഭടന്മാരെന്ന് ഇന്നത്തെ യുദ്ധം വെളിപ്പെടുത്തി. നിങ്ങളുടെ നായകനാകുവാനുള്ള ഭാഗ്യം ഉണ്ടായതിൽ ഞാൻ അത്യധികം അഭിമാനംകൊള്ളുന്നു. നമ്മുടെ ഭടന്മാരുടെ തോക്കുകളിൽനിന്നും തുരുതുരെ മുടന്നോട്ടു പാഞ്ഞ ഉണ്ടകൾ അധികമൊന്നും പാഴിലായില്ല നമ്മുടെ തോക്കുകൾ പുറപ്പെടുവിച്ച ഠും ഠും ശബ്ദം, ജപ്പാൻ ഭടന്മാർ മരിച്ചു വീഴുന്നതിനെ ഒന്നു രണ്ടെന്ന് ഉച്ചത്തിൽ എണ്ണുന്ന ശബ്ദമാണെന്നാണ് എനിക്കു തോന്നിയതു്. അതിൽ വലിയ തെററുമില്ല. നമ്മുടെ ഭടന്മാരാൽ കൊല്ലപ്പെട്ട ജപ്പുവരിക്ഷയുടെ സംഖ്യയും നമ്മുടെ നഷ്ടപ്പെട്ട സൈന്യങ്ങളുടെ എണ്ണവും കണക്കാക്കിയാൽ അവരുടെ നാശത്തിൻെറ പതിനഞ്ചിൽ ഒരംശമാണ് നമ്മുടെ നഷ്ടമെന്ന് നമുക്കു ഗ്രഹിക്കാം. ഇതിൻെറ അർത്ഥമെന്താണ്? പതിനഞ്ചു ജാപ്പാൻ ഭടന്മാരെ ഒടുക്കുവാൻ സഖ്യസൈന്യത്തിലെ ഒരൊററ ആൺകുട്ടി മതിയെന്നല്ലേ.

വീരന്മാരെ, നിങ്ങളെല്ലാവരും എൻെറ ഉള്ളഴിഞ്ഞ പ്രശംസക്കു പാത്രമാണെങ്കിലും ജമെദാർ, മി. വസന്തം അക്കൂട്ടത്തിൽ ഒന്നാം സ്ഥാനത്തെ അർഹിക്കുന്നു. ആ വീരയോദ്ധാവിൻെറ യുദ്ധസാമർത്ഥ്യം എന്നെ കോൾമയിർക്കൊള്ളിക്കുന്നു. മലയിടുക്കിൽ കുഴിച്ചിരുന്ന ഒരു ട്രഞ്ചിൽ ഒളിച്ചിരുന്നുകൊണ്ടു അയാൾ രണ്ടു് വിമാനങ്ങളെ മെഷീൻ ഗൺ പ്രയോഗിച്ചു നശിപ്പിച്ചു. വളരെ വേഗത്തിൽ പറന്നുകൊണ്ടിരുന്ന ആ ശത്രുവിമാനങ്ങളെ ശരിയായി ലക്ഷ്യം വെയ്ക്കുക, അത്ര വിഷമം കുറഞ്ഞ ഒരു കാര്യമായി ഞാൻ കരുതുന്നില്ല. മി. വസന്തത്തിൻെറ ഇരിപ്പിടത്തിന്നടുത്തു് നമ്മുടെ സൈന്യങ്ങൾ അധികം ഇല്ലാതെയിരുന്നതിനാൽ അതുവഴി അപകടശങ്കയെന്യേ കടന്നുപോയ പതിമ്പന്ത്രണ്ടികളിൽ മുപ്പതിൽ കുറയാതെ ഒരു സംഖ്യ ആ രണകുശലൻെറ വെടിയുണ്ടകൾക്കു സ്വാഗതമരുളി. ആകയാൽ ഒരു വീരൻ അർഹിക്കുന്ന സമ്മാനം അയാൾക്കു കൊടുക്കുവാൻ നാം ശുപാർശി ചെയ്യുന്നതാണ്. ഇതു നിങ്ങൾക്കും അഭിമാനകരമെന്നു ഞാൻ വിശ്വസിക്കുന്നു (ഭടന്മാർ കരഘോഷം മുഴക്കുന്നു.) (വസന്തം എഴുനേൽക്കുന്നു.)

വസന്തം : സർ, അങ്ങ് എന്നിൽ കാണിക്കുന്ന ഔദാര്യത്തിന്നു് ഞാൻ നന്ദി പറയുന്നു. എ

# ഉണർവ്

(കെ. ജി. പിള്ള)

(കേക.)

ഹാ ! കഷ്ടം, മുറങ്ങിപ്പോയ് ഇത്രനാളും ഞാൻ കണ്ട-
ലോകമല്ലെനിക്കിന്നു സ്വാഗതമുരക്കുന്നു ;
വീരഭാരതോത്സാഹ ഭേരിതന്നൊലിയാലീ-
പ്പാരിന്റെ കർണ്ണങ്ങളെ മേല്ക്കുമേൽപ്പിളക്കവേ,
ചണ്ഡകാഹളസ്വാനമേഘ ഗർജ്ജനാൽ വിയ-
ന്മണ്ഡലം മുഖരിതമാകവേ, നടുങ്ങവേ,
ഹാ ! കഷ്ടം ! ഉറങ്ങിപ്പോയ് ഇത്രനാളും ഞാൻ കണ്ട-
ലോകമല്ലെനിക്കിന്നു സ്വാഗതമുരക്കുന്നു.
ഇല്ല ഞാനുറങ്ങുകയില്ലെന്റെ കൃത്യാവലി-
തെല്ലൊന്നു കടന്നുപോയ് ഇന്നു ഞാനുണർന്നല്ലൊ
പോയി ഞാനുടൻ ചേരും "ഇന്ത്യൻ സൈന്യ"ത്തിൽപിന്നെ
പോയി ഞാൻ കാണും ലണ്ടൻ, ന്യൂയോർക്ക്, മാഫ്രിക്കയും.
വായുവിൽ പറന്നീടും ജർമ്മനിക്കുപരിയ-
ങ്ങായിരക്കണക്കിനു ബോംബുകൾ വർഷിച്ചീടും ;
നാസിവർഗ്ഗത്തെ നാശഗർത്തലാഴ്ത്തും ഞങ്ങൾ ;
ഭാസുരമാക്കിത്തീർക്കും ഭാരതത്തിൻ ഭാവിയെ !

"ടോക്കിയോ" ഞങ്ങൾക്കുള്ള ക്രൂരരംഗമായ്ത്തീരും
പൊക്കത്തിലൊരുജയധ്വജവുമങ്ങു നാട്ടും ;
പാരിച്ച പാരാന്നിധീ ഫേനശൃംഗങ്ങൾക്കുമേൽ-
ധീരധീരം ഞാൻ പടക്കപ്പൽ മാർഗ്ഗമായ്പ്പോകും ;
ഉടക്കുമരികൾതൻ നാവികശക്തിയേയും,
പട്ടാളമോടങ്ങിനെയാർജ്ജിക്കും ജയത്തേയും ;
എൻനാട്ടിൻരക്ഷക്കായിട്ടെൻ സഹോദരൻമാത്രം
നിന്നു പോർ നടത്താൻ ഞാൻ വൃദ്ധനോ, സന്യാസിയോ ?
മാതൃയെരവ്വനഹത്യയല്ലെന്റെ ജന്മോദ്ദേശ്യം,
നീതിസംരക്ഷക്കുള്ള സൈന്യസേവനമത്രേ !
അധർമ്മമാകും കരവാളേന്തി യുദ്ധം ചെയ്യു-
മധർമ്മപ്രിയന്മാരാം ശാത്രവസമുദായം,
ഒന്നൊഴിയാതെ ഞങ്ങൾ വീശിടും ധർമ്മവാളിൻ-
ധന്യമാം രക്തപാനംകൊണ്ടുടൻ നശിച്ചീടും ;
ഇല്ല ഞാനുറങ്ങുകയിന്റെയെന്റെ കൃത്യാവലി-
തെല്ലൊന്നു കടന്നുപോയ്, ഇന്നു ഞാനുണർന്നല്ലോ !

ന്നാൽ ഒരു സഖ്യഭടന്റെ കർത്തവ്യത്തിലൊ, കഴിവിലൊ കവിഞ്ഞു ഞാൻ ഒരു മഹത്കൃത്യം ചെയ്തിട്ടുള്ളതായി അഭിമാനിക്കുന്നില്ല. ഞങ്ങളുടെ ഭാരതത്തിന്റെ പൂർവ്വചരിത്രത്തിലേക്കു നാം കടന്നുനോക്കിയാൽ ഇതൊന്നും ഒരു ഗണ്യമായ നേട്ടമായി കരുതാനില്ല, അങ്ങയെപ്പോലെ ധീരനായ ഒരു നായകന്റെനേതൃത്വത്തിൽ ഇതെല്ലാം ചെയ്യാൻ ഞങ്ങൾക്കു കഴിവുണ്ടാകുന്നതിലത്ഭുതമില്ല. (ഇരിക്കുന്നു.)

ക്യാപ്റ്റൻ : ഭാരതീയരായ നിങ്ങൾ രണാങ്കണത്തിൽ സിംഹവിക്രമന്മാരാണ്. നിങ്ങളുടെ രണപാടവം പ്രദർശിപ്പിക്കുവാൻ ഇനിയും സന്ദർഭം അടുത്തുതന്നെയുണ്ടാകും. ഇവിടെനിന്നും നാലു മൈൽ അകലെ ജപ്പാൻ സൈന്യങ്ങൾ ക്യാമ്പു ചെയ്യുന്നുണ്ടെന്നറിയുന്നു. നമ്മുടെ കമ്പനി ഇവിടെനിന്നും മുന്നോട്ടു നീങ്ങേണ്ടതാണ്.

നാളത്തെ പ്രോഗ്രാം ഞാൻ തയ്യാറാക്കിയിട്ടുണ്ട്. മി. വസന്തംതന്നെ ഇപ്രാവശ്യം, നാലാം നമ്പർ വിഭാഗത്തെ കമാൻഡു ചെയ്യണം. നമ്മുടെ ഭടന്മാർ വിജയം വരിക്കാതെ ഒരടി പിന്നോട്ടുവയ്ക്കരുത്. തോല്ക്കുവാൻ വേണ്ടിയല്ല നാം ആയുധം ധരിച്ചത്. പിന്തിരിഞ്ഞോടുവാനല്ല നാം രണരംഗത്തിൽ ഇറങ്ങിയത് പ്രിയപ്പെട്ട യോദ്ധാക്കളെ! നിങ്ങളുടെ നാഡിയിൽ ഒരു തുള്ളി രക്തം ശേഷിക്കുന്നതുവരെയും നിങ്ങൾ ശത്രുവിനു കീഴടങ്ങരുത്. അങ്ങനെ വേണ്ടിവന്നാൽ മരണത്തെ സ്വയം വരിക്കുന്നതു മെച്ചമാണ്. ശത്രുവിന്റെ തുറുങ്കുകൾ നമുക്കുവേണ്ടിയുള്ളതല്ല. ഒരു ഭടന് ഇഹത്തിലോ പരത്തിലോ ഒരു നരകമുണ്ടെങ്കിൽ അതു കാരാഗ്രഹവാസമാണ്. പൌരുഷത്തിന്റെ അവതാരങ്ങളായ നിങ്ങളോട് ഇതൊന്നും പറഞ്ഞറിയിക്കേണ്ടതില്ലെന്ന് എനിക്കു നല്ല വണ്ണം അറിയാം. നമ്മുടെ ലക്ഷ്യം വിജയമാണ്. സൈന്യസംഖ്യ നമുക്കു കുറവല്ല. സജ്ജീകരണങ്ങളും വിരളമല്ല. ധൈര്യസമേതം നാം നമ്മുടെ കടമയെ നിർവ്വഹിക്കണം. നമ്മുടെ കടമ എന്താണ് ? ദുർമ്മോഹികളായ ജാപ്പ സൈന്യത്തെ ബർമ്മയുടെ അതിർത്തികളിൽനിന്നും തുരത്തുക. ലോകത്തിനുവേണ്ടി ശാന്തിയും ഐശ്വര്യവും വീണ്ടെടുക്കുക. ശത്രുക്കളുടെ കരത്തിൽ പെട്ടു പീഡയനുഭവിക്കുന്ന ബർമ്മായിലെ ജനങ്ങളെ സംരക്ഷിക്കുക. ഇതാണ് നമ്മുടെ കടമ. ഇതിനെ എന്റെ സൈന്യത്തിലെ ഓരോ ഭടനും മനസ്സിലാക്കണം. വിശ്രമിക്കുവാനും, വിനോദിക്കുവാനും നമുക്കു സമയം ധാരാളമുണ്ട്. പ്രവർത്തി പൂർത്തിയാക്കിയതിനുമേൽ മാത്രമേ ആ സമയത്തെ വിനിയോഗിക്കാവു എന്നേയുള്ളൂ. എന്നാൽ-നിങ്ങൾ ആഹാരം കഴിച്ചു സുഖമായി ഒന്നുറങ്ങുവിൻ. വിജയലക്ഷ്മി നിങ്ങൾക്കു കാവലുണ്ടായിരിക്കും. നാളെ പ്രഭാതത്തിൽ ബ്യൂഗിൾ കേട്ടാലുടൻ എല്ലാവരും തയ്യാറായി ശത്രുക്കളുടെ സങ്കേതത്തെ ലക്ഷ്യമാക്കി മുന്നോട്ടു പോകുവാൻ സെക്ഷൻ ലീഡേഴ്സിന്റെ കീഴിൽ അണിതിരന്നുകൊള്ളണം.

(ഭടന്മാർ എഴുന്നേററ് ഉച്ചത്തിൽ)

"പതിനാലാം പട നീണാൾ ജീവിക്കട്ടെ. ജാപ്പ പ്രഭുത്വം നശിക്കും."

(കർട്ടൻ)

## രംഗം III.

(ജപ്പാൻ സൈന്യങ്ങളുടെ കൂടാരങ്ങൾ സ്ഥിതി ചെയ്യുന്ന സ്ഥലം.)

ജപ്പാൻ ജനറലും, കമാൻഡറും സംഭാഷണത്തിലേർപ്പെട്ടിരിക്കുന്നു.

ജനറൽ : കഴിഞ്ഞ നാലുദിവസങ്ങളായി നമ്മുടെ സൈന്യങ്ങൾ പിന്നിലേക്കു തന്നെ. സൈന്യങ്ങൾ ഒട്ടധികം നശിച്ചു. സഖ്യസേനയുടെ നില നാം കരുതിയതുപോലെയല്ല. അവരുടെ കൂട്ടത്തിലുള്ള ആ കറുത്ത മനുഷ്യർ ഒരുമാതിരി മുശടന്മാരാണ്.

കമാൻഡർ : അതേ, അതേ. ആഫ്രിക്കയിലും ഇൻഡ്യയിലും—ആ ചൂടുപ്രദേശങ്ങളിൽ വളർന്നവർ. ഉഷ്ണമേഖലയിൽ ജനിച്ച ഇക്കൂട്ടർ ഒരു തരം വിഷപ്പാമ്പുകളാണ്. എനിക്കു വററയെ ഭയമാണ്. എന്തൊരു വീറാണ്? അവനു പിന്നിലേക്കു നോട്ടമേ ഇല്ല.

ജനറൽ : നല്ല യുദ്ധ അഭ്യാസവും സിദ്ധിച്ചിട്ടുള്ളവരാണ്. ഇവററയെ ഈ യുദ്ധത്തിൽനിന്നു പിന്തിരിപ്പിക്കുവാൻ വഴിയെന്ത് ?

കമാൻഡർ (ആലോചന നടിച്ചു നിരാശയിൽ): ഏന്ദ്ഹേ, അതിനു വഴിയൊന്നും കാണുന്നില്ല. രാജ്യത്തിനുവേണ്ടി ജീവിത്യാഗം ചെയ്യുവാൻപോലും അവർ സന്നദ്ധരാണ്. പിന്നെ, അവരെ ഈ യുദ്ധത്തിൽനിന്നു പിന്തിരിപ്പിക്കുവാൻ ഒരു വഴിയുള്ളത് നാം യുദ്ധമതിയാക്കി ജപ്പാനിലേക്കു പോകുകതന്നെ.

ജനറൽ : ആ നയം അല്പം മുമ്പായിരുന്നെങ്കിൽ നന്നായിരുന്നു. ഇനി അതുകൊണ്ടും രക്ഷയില്ലാ. അമേരിക്കയുടെയും ബ്രിട്ടന്റെയും വിമാനങ്ങൾ നമ്മുടെ രാജ്യത്തിനു മുകളിൽ പാറാവു ചെയ്യുന്നുണ്ട്. കടൽ മുഴുവൻ സഖ്യരാജ്യങ്ങളുടെ പ്രബലമായ നാവികസൈന്യം. കരമാർഗ്ഗം ജപ്പാനിലെത്താമെന്നു വെച്ചാൽ, ആ ചൈന, ആകപ്പാടെ ഊരാക്കുടുക്കിലകപ്പെട്ടമായിത്തീർന്നിരിക്കുന്നു. ഇതിനെ താണ്ടുവാൻ എന്താണു മറെറാരുവഴി ?

കമാൻഡർ : ഉള്ള സൈന്യങ്ങളും, സജ്ജീകരണങ്ങളും നശിക്കുന്നതുവരെ നിന്നു പോർ ചെയ്യുക. പക്ഷെ, അതിന്റെ ഫലം അത്ര തൃപ്തികരമായിരിക്കുമോ, എന്തോ ?

ജനറൽ: നമ്മുടെ സൈന്യങ്ങളിൽ ഭൂരിഭാഗവും നല്ല പരിശീലനം സിദ്ധിച്ചിട്ടില്ലാത്തവരാണ്. അതാണു കുഴപ്പം.

കമാൻഡർ: ശരിയായ സജ്ജീകരണങ്ങളില്ലാതെ ബലവാനായ ശത്രുവിനോടെതിരിട്ടാൽ ഫലം ഇങ്ങനെയൊക്കെത്തന്നെ. ലോകത്തിലെ, ഭൂരിഭാഗം ജനതകളും ഒന്നിച്ചുചേന്ന ഒരു ഐക്യമുന്നണിയാണ് സഖ്യശക്തികൾക്കുള്ളതു്. ഭൂതലത്തെ മുഴുവൻ കിടുകിടെ വിറപ്പിക്കുവാനും, വേണമെങ്കിൽ നശിപ്പിക്കുന്നതിനുകൂടിയും കഴിവുള്ള ഒരു ഭയങ്കര സൈനിക ശക്തിയാണ് അവരുടേതു്. നാമാണെങ്കിൽ, നമ്മുടെ സർവ്വശക്തിയും പ്രയോഗിച്ചാണ് ഇന്നു ഇതിലൊരു ചെറുവിഭാഗത്തോട് ഇടയുന്നതു്. അവരോ? ഒരു മഹായുദ്ധം നടക്കുന്നെന്നുള്ള വിവരം വർത്തമാനപ്പത്രങ്ങൾ വഴിയാണ് അവരുടെ മിക്ക സൈന്യങ്ങളും മനസ്സിലാക്കിയിട്ടുള്ളതെന്നു തോന്നുന്നു.

ജനറൽ: ശരിയാണ്. ഇന്നലത്തെ ഒരു സി.ഐ.ഡി. റിപ്പോർട്ടിൽ കാണുന്നതു് "സഖ്യ സൈന്യങ്ങൾ അവരുടെ ഹാർബറുകളിൽ, നാടകം, സിനിമാ, മുതലായ വിനോദങ്ങളിൽ ലയിച്ചു് ആനന്ദിക്കുന്നതു കണ്ടാൽ ലോകം ഇന്നു ശാന്തതയിലാണെന്നു തോന്നിപ്പോകും" എന്നാണ്.

കമാൻഡർ: നമ്മുടെ ലക്ഷ്യങ്ങൾ കേവലം അടിസ്ഥാനരഹിതങ്ങളാണ്. നാം കുറെ കുരങ്ങുകളെ കൈബോംബുകൾ എറിയുവാൻ അഭ്യസിപ്പിച്ചു. ഇതിന്റെ ഫലമെന്തു്? കുറെ ബോംബുകൾ പാഴിൽ ചെലവാക്കുക. കുരങ്ങുകൾക്കുണ്ടോ വിവേചനാശക്തി? അവ യാതൊരു ലക്ഷ്യവുമില്ലാതെ ആ ബോംബുകൾ എറിഞ്ഞുകളയുന്നു. മനുഷ്യനെ കണ്ടാൽ ബോംബെറിയുക, ഇതാണ് അവയ്ക്കു നാം കൊടുത്തിട്ടുള്ള പരിശീലനം. ചിലപ്പോൾ നമ്മുടെ സൈന്യങ്ങളുടെ മേലും ആ ജന്തുക്കൾ ബോംബെറിയുന്നു! എല്ലാം നിരാശാജനകം തന്നെ.

ജനറൽ: സുഖനിദ്രയിൽക്കിടന്ന ഹരീന്ദ്രനെ നാം തട്ടിയുണർത്തി. ഓടി മറയുവാൻ നിവൃത്തിയുമില്ല. ലോകത്തിന്റെ ശാന്തതയെ നമ്മുടെ പിത്തലാട്ടം ഭഞ്ജിച്ചു.

[മുമ്പിലും പിമ്പിലും പാർശ്വങ്ങളിലും നാലു ജപ്പാൻ ഭടന്മാരാൽ ചുററപ്പെട്ട വസന്തത്തെ ജനറലിന്റെ മുമ്പിൽ കൊണ്ടുവരുന്നു]

ഒരു ഭടൻ (ജനറലിനെ വന്ദനം ചെയ്തു്.) കഴിഞ്ഞ "ഏതാനും ദിവസങ്ങളിൽ സഖ്യശക്തിയുമായി നാം നടത്തിയ സമരത്തിൽ നമുക്കു നിരവധി നഷ്ടങ്ങൾ വരുത്തിയ ഒരു ശത്രുവിനെ ഞങ്ങൾ ബന്ധനത്തിലാക്കിയിരിക്കുന്നു.

വസന്തം (പല്ലുകൾ കടിച്ചു ശബ്ദമുണ്ടാക്കി രൂക്ഷസ്വരത്തിൽ): ബന്ധനത്തിലാക്കി, നിഷ്പ്രയാസം ബന്ധനത്തിലാക്കി. നായേ! ചതിവിൽ ബന്ധനത്തിലാക്കിയെന്നു പറയെടാ!

കമാൻഡർ: എടാ! ഇതു ബ്രിട്ടീഷ് പട്ടാളത്തിന്റെ ആഫീസ്സറല്ല. മനസ്സിലാക്കു. ജപ്പാൻ ജനറലിന്റെ മുമ്പിലാണു നീ നില്ക്കുന്നതു്.

വസന്തം: അതു ഞാൻ മനസ്സിലാക്കിയാണു സംസാരിക്കുന്നതു്. ദുരാഗ്രഹത്തിന്റെ, ദുർമ്മൂർത്തികളുടെ, ഭീരുത്വത്തിന്റെ പ്രത്യക്ഷാവതാരങ്ങളുടെ, അധഃപതനത്തിന്റെ അവകാശികളുടെ—അധിപനായ ജപ്പാൻ ജനറലിന്റെ മുമ്പിലാണ് ഞാൻ നില്ക്കുന്നതു്.

ജനറൽ (ജനറൽ ഇരിപ്പിടത്തിൽ നിന്നു് കോപാകുലനായി എഴുന്നേററു്): എടാ, ബുദ്ധിഹീനനായ നീച, നിന്നെ നാം എന്തു ചെയ്യുമെന്നും, എന്തെല്ലാം ചെയ്യാൻ കഴിയുമെന്നും നിനക്കറിയാമോ?

വസന്തം: അറിയാം, എന്നെ ഈ നിലയിൽ എന്തും ചെയ്യാൻ നിങ്ങൾക്കു കഴിയും. ഞാനിപ്പോൾ നിങ്ങളുടെ ബന്ധനാവസ്ഥയിലാണ്. വേണമെങ്കിൽ ഉടൻ തന്നെ എന്നെ നിഗ്രഹിക്കുവാനും കഴിയും.

ജനറൽ: കൊള്ളാം. നീ ആലോചിക്കുന്നുണ്ടു്. എന്നാൽ നിന്നെ കൊല്ലണമെന്നുള്ളതു് നാം ഇപ്പോൾ തീർച്ചപ്പെടുത്തുന്നില്ല. നമ്മുടെ ശത്രുക്കളുടെ സംഭരണങ്ങളുടെയും സജ്ജീകരണങ്ങളുടെയും വിവരങ്ങൾ നാം അറിവാനാശിക്കുന്നു. അതു നിന്നിൽനിന്നുതന്നെ പ്രതീക്ഷിക്കുന്നു. തൃപ്തികരമായ അറിവുകൾ തരുന്നപക്ഷം നിനക്കു തല്ക്കാലം കാരാഗ്രഹവാസം മാത്രമായിരിക്കും കിട്ടുന്നശിക്ഷ. യുദ്ധാനന്തരം നിനക്കു പക്ഷെ സ്വതന്ത്രനാകയും ചെയ്യാം. കാരാഗ്രഹവാസം—അതു മരണത്തെക്കാൾ നന്നല്ലേ? ആലോചിച്ചുത്തരം പറയുക.

വസന്തം (കോപം കൊണ്ടു വിറച്ചു്): ഹേ, സൈന്യാധിപാ! നിങ്ങളുടെയും, നിങ്ങളെപ്പോലെയുള്ളവരുടേയും കീഴിലാണ് ജപ്പാൻ സൈന്യങ്ങൾ സമരാങ്കണത്തിലിറങ്ങിയിരിക്കുന്നതെന്നു് ഞാനിപ്പോഴേ അറിഞ്ഞുള്ളൂ. എന്റെ കൂട്ടുകാർക്കു് ജപ്പാൻ സൈന്യത്തെ തോല്പിക്കുവാൻ കഴിയുമെന്നു് എനിക്കിപ്പോൾ ബോദ്ധ്യമായി. നിങ്ങളുടെ സൈന്യങ്ങളും ഈ മനസ്ഥിതിക്കാർ തന്നെയായിരിക്കുമല്ലോ. ഇന്നു് ഒട്ടനവധി ജപ്പാൻകാർ ഞങ്ങളുടെ തുറുങ്കുകളെ അഭയം പ്രാപിച്ചിരിക്കുന്നതു, നിങ്ങൾ തടവിഷ്ടപ്പെടുന്നതുകൊണ്ടായിരിക്കാം. എന്നാൽ നിങ്ങളൊന്നറിയണം. ഞങ്ങൾ മരണത്തിൽ നിന്നു കഴിയുമെങ്കിൽ ഒഴിയും. മരണത്തെ ഭയന്നിട്ടല്ല. ഞങ്ങൾക്കു ഭൂമിയിൽ പലതും ചെയ്യുവാനുണ്ടു്. കാരാഗ്രഹം ഞങ്ങൾ ഇഷ്ടപ്പെടുകയില്ല. കാരാഗ്രഹമനുഭവിക്കാതെ ഞങ്ങൾ മരണത്തിനു സ്വാഗതം പറയും.

ജനറൽ: എങ്ങിനെയായാലും വേണ്ടില്ല. നിന്നിൽനിന്നും ചില രഹസ്യങ്ങൾ അറിഞ്ഞേ കഴിയൂ.

വസന്തം: യുദ്ധകാലം ഒരു ഭടനു വായ്‌വെടികളാൽ കളയുവാനുള്ളതല്ലാ. നിങ്ങൾ എന്നിൽനിന്നും വിരമിക്കുക. രണാങ്കണത്തിലേക്കു വേഗം പോകുക. മൃത്യുദേവത നിങ്ങൾക്കുവേണ്ടി അവിടെ ഹാജരുണ്ടായിരിക്കും.

ജനറൽ (ഒന്നു ഞെട്ടി): എനിക്കോ?

വസന്തം: അതേ, നിങ്ങൾക്കും, നിങ്ങളുടെ അനുയായികൾക്കും. നിങ്ങളുടെ പല ഭടന്മാരും എന്നാൽ വധിക്കപ്പെട്ടിട്ടുണ്ടു്. (ഉടുപ്പിൽ പിൻ ചെയ്തിട്ടുള്ള വി. സി. ബാഡ്ജ് തൊട്ടുകാണിച്ചു) ഇതാ എന്റെ മാറിൽ കാണുന്ന ഈ ബാഡ്ജിൽ കുറിച്ചിട്ടുള്ളതു് അവരുടെ അന്ത്യ ചരിത്രമാണ്.

ജന: എന്നാൽ, നിന്റെ വീര്യമെല്ലാം ഇപ്പോൾ നശിച്ചില്ലേ?

വസന്തം: ഇല്ല, ഇപ്പോഴും എന്റെ നാഡികളിൽ രക്തപ്രവാഹം നടക്കുന്നുണ്ടു്.

ജന: ഹേ, ഭട! നിങ്ങൾ സൂക്ഷിച്ചു സംസാരിക്കണം. മരണം നിങ്ങളുടെ കഴുത്തിനു ചുററും വാൾവയ്ക്കുന്നതു കാണുക.

വസന്തം: അതു ഞാൻ സൈന്യസേവനത്തിനിറങ്ങിയപ്പോൾ തന്നെ കണ്ടതാണ്. സൈന്യാധിപ, ഞാൻ പറയുന്നതിനെ ശ്രദ്ധിക്കുക. മരണത്തെ ഒരു സഖ്യഭടൻ ഭയപ്പെടുകയില്ല. ഞങ്ങളുടെ നേരെയുള്ള ഭീഷണിയിൽ ആ ത്ര്യക്ഷരങ്ങൾ പ്രയോഗിക്കരുതു്.

ജന: പ്രസംഗം നിർത്തു. ചോദിക്കുന്നതിനു മാത്രം ഉത്തരം പറയൂ. സഖ്യസൈന്യങ്ങളുടെ ക്യാമ്പുകൾ ബർമ്മയുടെ ഏതെല്ലാം ഭാഗങ്ങളിലുണ്ടു്? അവരുടെ പരിപാടികൾ എന്തെല്ലാം?

വസന്തം: നിങ്ങൾക്കു നിർബ്ബന്ധമെങ്കിൽ പറയാം. വിറയ്ക്കാതെ നിന്നു കേൾക്കൂ. ബർമ്മയുടെ എല്ലാ ഭാഗങ്ങളിലും സഖ്യഭടന്മാർ ക്യാമ്പു ചെയ്യുന്നുണ്ടു്. വേണ്ടിവന്നാൽ ഭൂമിക്കടിയിലും, മുകളിലും കൂടി അവർ പ്രത്യക്ഷപ്പെടും. അതിനവർക്കു കഴിവുമുണ്ടു്. അവരുടെ പ്രവൃത്തിപദ്ധതിയാണെങ്കിൽ അതധികമൊന്നും പറയാനില്ല. ജപ്പാൻ സേനകളെ ഭൂമുഖത്തുനിന്നു ആട്ടിയോടിക്കുകമാത്രം.

ജന: അതേ, അതെനിക്കറിയാം. അതിനു അവർ എന്തെല്ലാം മാർഗ്ഗങ്ങളാണു തീർച്ചപ്പെടുത്തിയിരിക്കുന്നതു്.

വസന്തം: യുദ്ധം ചെയ്യുക എന്ന ഒരൊററ മാർഗ്ഗം തന്നെ.

ജന: നിന്റെ ഗർവ്വം നിനക്കു തന്നെ ആപത്താണെന്നോർക്കണം. നിന്നോടു ചോദിക്കുന്ന ചോദ്യങ്ങൾക്കുള്ള മറുപടികൾ അശേഷം തൃപ്തികരങ്ങളല്ല. നീ ഞങ്ങളുടെ അധീനതയിലാണെന്നും നിന്റെ ജീവന്റെ ഉടമസ്ഥർ ഇപ്പോൾ ഞങ്ങളാണെന്നും മനസ്സിലാക്കുക.

കമാൻഡർ: ഇവനെ ഉടൻ വധിക്കുന്നതു നന്നായിരിക്കും.

ജന: ഇവൻ മര്യാദയ്ക്കു് നമ്മുടെ ചോദ്യത്തിനുത്തരം തരുമോ എന്നു പരീക്ഷിക്കണം. ഇവൻ നമ്മോടനുകൂലിക്കുന്നപക്ഷം നമ്മുടെ സൈന്യത്തിൽ ചേർത്തുകളയാം. ഇപ്രകാരം തടവുകാരായി കിട്ടുന്നവരെ ചേർത്തു നമുക്കു സൈന്യസംഖ്യ വർദ്ധിപ്പിക്കാം.

വസന്തം (പുച്ഛരസത്തിൽ): കൊള്ളാം, നല്ല അഭിപ്രായംതന്നെ

(ഒരു ജപ്പാൻ ഭടൻ സീൽ വച്ച ഒരു കവർ ജനറലിനെ ഏല്പിക്കുന്നു.)


ജന (കവർ പൊട്ടിച്ചു വായിച്ചശേഷം കമാൻഡറോടു പരിഭ്രമത്തിൽ): സഖ്യസൈന്യങ്ങൾ നമ്മുടെ ക്യാമ്പിനെ ലാക്കാക്കി പുറപ്പെട്ടിട്ടുണ്ടെന്നു ഹെഡ്ക്വാർട്ടറിൽ നിന്നുമുള്ള അറിയിപ്പാണ്.

കമാൻഡർ! ഉടൻ ഭടന്മാരെ തയ്യാറാക്കുക. ഉം ഉടൻ. (കമാൻഡർ വന്ദിച്ചു വെളിയിലേക്കിറങ്ങുന്നു.) (ആഫീസ്സ് മുറിയുടെ തൊട്ടടുത്ത മുറിയെ ലക്ഷ്യമാക്കി വിരൽ ചൂണ്ടിക്കൊണ്ടു ഭടന്മാരോടു്): ഇവനെ ഇന്നു ആ ജയിൽ മുറിയിൽ ഇട്ടു സൂക്ഷിക്കുക. (വസന്തത്തോടു) നീ ഇന്നു രാത്രി വേണ്ടവിധം ആലോചിക്കുക. നാളെ നിന്റെ ഭാവിയെപ്പററി ആലോചിക്കുന്നതാണ്. (ഭടന്മാർ വസന്തത്തെ ജയിൽ മുറിയിൽ കയററി കതവടയ്ക്കുന്നു. ജനറൽ ധൃതിയിൽ വെളിയിലേക്കു പോകുന്നു.) (കർട്ടൻ.)

(തുടരും)



യു. എസ്. സൂപ്പർ ഫോർട്ട്റസ്സ് വിമാനങ്ങൾ കൂട്ടം കൂട്ടമായി നിർമ്മിച്ചു വെച്ചിരിക്കുന്നു.



ഒരു വമ്പിച്ച വിമാന വാഹിനിക്കപ്പൽ.

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.